# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1685/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1685/2023 തീയ്യതി: 16/12/2023

## തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-10-2023 | 19-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 19-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രതാപ്കുമാർ ആർ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ആശ ജി.ആർ. അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ബിന്ദുലത ബി.പി. അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി വെർജിൻഷീജ, അസി. ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രമേഷ് ജി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീത | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെസ്റ്റ് സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി അനുശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഈസ്റ്റ് സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി ജിനി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ആശരാജൻ എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ. ഗ്ലാഡി ഹാൽവിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 07-06-2022 |
| ഡോ. കുമാരി ലൈല എ.വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08-06-2022 | 31-03-2023 |
| ഡോ. വീണ വി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ദിലീപ് ചന്ദ്രൻ | സീനിയർ വെറ്ററിനറി സർജൻ | 02-04-2022 | 31-03-2023 |
| ശ്രീമതി ഗീത | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ. സിംഗ് റസ്സൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. സനൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-07-2022 |
| ശ്രീമതി ശിവാംബിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | റസീപ്റ്റ് ഹെഡ് വ്യക്തമല്ല | 1-1-3 |
| 5 | ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തില്ല | 1-1-4 |
| 6 | ഗുണഭോക്തൃ വിഹിതം ചെലവു രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ചിട്ടില്ല | 1-1-7 |
| 9 | ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല | 1-1-8 |
| 10 | ആസ്തി മൂല്യത്തിനു തുല്യമായ തുകയ്ക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല | 1-1-9 |
| 11 | രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | പ്രൊവിഷൻസ് & റൈറ്റ് ഓഫ് - തുക ബുക്ക് ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായില്ല | 1-1-11 |
| 13 | ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-12 |
| 14 | സി.എഫ്.സി. ഫണ്ട് വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല | 1-1-14 |
| 16 | മറ്റ് അപാകങ്ങൾ | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി ആസൂത്രണം | 1-5 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 22 | ക്യാഷ് പരിശോധന | 1-7 |
| 23 | ക്ഷേമ പദ്ധതികൾ | 1-8 |
| 24 | സാമൂഹ്യ സുരക്ഷ പെൻഷൻ മരണ രജിസ്ട്രേഷൻ നടത്തിയിട്ടും പെൻഷൻ വിതരണം ചെയ്യുന്നു. | 1-8-1 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | തൊഴിലുറപ്പ് വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-10 |
| 27 | വസ്തു നികുതി | 1-11 |
| 28 | സേവന ഉപനികുതി | 1-12 |
| 29 | വസ്തുനികുതി ഇളവുകൾ | 1-13 |
| 30 | തനതു വരവുകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല | 1-14 |
| 31 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 1-15 |
| 32 | തൊഴിൽ നികുതി - ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല. | 1-16 |
| 33 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-16-1 |
| 34 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-16-2 |

| | | |
|---|---|---|
| 35 | സ്വകാര്യ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-16-3 |
| 36 | ജീവനക്കാരുടെ വിശദാംശങ്ങൾ സ്ഥാപന മേധാവികളിൽ നിന്നും ആവശ്യപ്പെടുന്നില്ല | 1-16-4 |
| 37 | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകം | 1-17 |
| 38 | ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ | 1-17-1 |
| 39 | തനതു വരവ്, വായ്പകൾ എന്നിവയുടെ അവലോകനം നടത്തുന്നില്ല | 1-18 |
| 40 | വരവിനങ്ങളുടെ ഫയലുകൾ/രേഖകൾ പരിശോധനക്കു ലഭ്യമായില്ല. | 1-19 |
| 41 | ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 42 | മെറ്റീറിയൽ സപ്ലൈ- ബില്ലുകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. | 1-21 |
| 43 | എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വർക്കിൽ ലഭ്യമായ തുകകൾ PFMS മുഖാന്തിരം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നില്ല. | 1-22 |
| 44 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നില്ല | 1-23 |
| 45 | ബാങ്ക് ചാർജസ് ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമായിട്ടില്ല. | 1-24 |
| 46 | ഇ- ടെണ്ടർ ഫോറവില ലഭ്യമായിട്ടില്ല | 1-25 |
| 47 | ആസ്തി രജിസ്റ്ററിൽ തൻവർഷം ആർജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല | 1-26 |
| 48 | 96206/- രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-27 |
| 49 | ഡയാലിസിസിന് ധനസഹായം-മാർഗനിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി നിർവഹിച്ചു- 36000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 50 | അതിദരിദ്രർക്കുള്ള ആരോഗ്യസംബന്ധമായ സേവനങ്ങൾ– ചെലവുരേഖകൾ ഹാജരാക്കിയില്ല- 53455/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 51 | ഫലവൃക്ഷത്തൈ പരിപാലനം - അപാകതകൾ | 1-30 |
| 52 | MNREGS- വാങ്ങൽ പ്രക്രിയയിൽ ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-31 |
| 53 | ഗുണഭോക്തൃസമിതി കൺവീനർമാർക്ക് കുടിശ്ശിക തുക കൈമാറൽ– നൽകിയ തുകയുടെ ആധികാരികത വ്യക്തമല്ല- 8,78,317/- രൂപ തടസ്സപ്പെടുത്തുന്നു. തുടർപരിശോധനകൾ അനിവാര്യം | 1-32 |
| 54 | MNREGS- ഫീൽഡ് തല പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കിയില്ല. | 1-33 |
| 55 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച നിക്ഷേപ തുക തുടർനടപടികൾ സ്വീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-34 |
| 56 | ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നു | 1-35 |
| 57 | മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-36 |
| 58 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല | 1-37 |
| 59 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-38 |
| 60 | പി.എച്ച്.സി. യിലെ താത്കാലികനിയമനങ്ങൾ - തനതു ഫണ്ടിൽ നിന്നും വേതനചെലവ് 61,560/- രൂപ തടസ്സം ചെയ്യുന്നു. | 1-39 |
| 61 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജസ് ഒടുക്കിയത് 5,077/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-40 |
| 62 | ആവശ്യമില്ലാത്ത പൊതുടാപ്പുകൾ റദ്ദു ചെയ്തിട്ടില്ല – 69,456/- രൂപ തടസ്സം ചെയ്യുന്നു. | 1-41 |
| 63 | ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം | 1-42 |
| 64 | ഹരിതഭവനം പദ്ധതി - പരമാവധി സബ്സിഡിയിൽ അധികരിച്ച് നല്കിയ 7250/- രൂപ തടസ്സപ്പെടുത്തുന്നു | 1-43 |
| 65 | ഭവന പുനരുദ്ധാരണം - പൂർത്തിയാക്കിയിട്ടില്ല | 1-44 |
| 66 | ലൈഫ് ഭവന നിർമ്മാണം പൂർത്തീയാക്കുന്നില്ല. | 1-45 |
| 67 | പാഥേയം പദ്ധതി- അധികതുക നല്കിയിരിക്കുന്നു. | 1-46 |
| 68 | ഹരിതകർമ്മ സേന- പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-47 |
| 69 | LED ലൈറ്റ് വാങ്ങൽ - ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ | 1-48 |

| | | |
|---|---|---|
| | മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കി | |
| 70 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കുകയോ,, വിനിയോഗ സർട്ടിഫിക്കറ്റ് നല്കുകയോ ചെയ്തിട്ടില്ല. | 1-49 |
| 71 | ഹരിതകർമ്മസേനയ്ക്കായി മുച്ചക്രവാഹനം വാങ്ങൽ - GST TDS ഈടാക്കിയിട്ടില്ല | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 ലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ, താരതമ്യ തുകകൾ എന്നിവ സോഫ്റ്റ്‌വെയറിൽ ലഭിക്കുന്നില്ല എന്ന മറുപടി നൽകി.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (-6488064/-)എന്നത് Net Increase/decrease In Cash And Cash Equivalents (7133240/-) മായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ ലഭിക്കുന്നതാണെന്നും, ആധികാരികത വ്യക്തമല്ലെന്നും മറുപടി നൽകി.

### 1-1-3 റസീപ്റ്റ് ഹെഡ് വ്യക്തമല്ല

2021-22 സമ്പത്തിക വർഷത്തിൽ എൽ.ജി.റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും സർക്കാർ എടുത്തിരുന്ന തുക 11,66,431/- രൂപ (ബി15 മുൻവർഷം) പ്രസ്തുത അക്കൗണ്ടിലേക്ക് 06.04.2022 തീയതിയിൽ നിക്ഷേപിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത വരവ് ഏതു ഹെഡിലാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. വാർഷിക കണക്കുകളിൽ

മേൽ തുക തിരികെ ലഭ്യമാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എൽ.ജി.റ്റി.എസ്.ബി. അക്കൗണ്ടിന്റെ 28.02.2023 വരെയുള്ള പ്രതിമാസ റീകൺസിലയേഷൻ പത്രികകളിൽ മേൽ തുക ഡയറക്ടിലി ക്രെഡിറ്റഡ് ബൈ ബാങ്ക് എന്നു രേഖപ്പെടുത്തിയാണ് റീകൺസിൽ ചെയ്തിട്ടുള്ളത്.

## 1-1-4 ഇഷ്യൂ ചെയ്ത് 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തില്ല

എസ്.ബി.ഐ. തനത് ഫണ്ട് നം.33739934186, LGTSB നം. 799013000000644 അക്കൗണ്ടുകളിൽ നിന്നും നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തിട്ടില്ല. (എസ്.ബി.ഐ. തനത് അക്കൗണ്ടിൽ 08.05.2019 മുതലുള്ള 38 ചെക്കുകളും, LGTSB അക്കൗണ്ടിൽ 05.10.2020 ലെ ഒരു ചെക്കും ഇപ്രകാരമുള്ളതാണെങ്കിലും, പ്രസ്തുത ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി വരവു വെച്ചിട്ടില്ല).

## 1-1-5 ഗുണഭോക്തൃ വിഹിതം ചെലവു രേഖപ്പെടുത്തിയിട്ടില്ല

ഗുണഭോക്തൃവിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച 12,825/- രൂപ പ്രോ.നം. 150/23, 149/23 എന്നിവയിലൂടെ ചെലവു ചെയ്തുവെങ്കിലും വാർഷിക കണക്കുകളിൽ പ്രസ്തുത ഹെഡിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 9361/- ഉൾപ്പെടെ 22816/- ആണ് തൻവർഷം ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-6 വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി ജീവനക്കാർ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 1433260 | 1395760 | 0 |
| രജിസ്റ്റർ പ്രകാരം | 1486560 | 1486560 | 0 |

തൊഴിൽ നികുതി ട്രേഡേഴ്സ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 269900 | 269900 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

തൊഴിൽ നികുതി ട്രേഡേഴ്സ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 42300 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 76200 | 76200 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 6250 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

എഫ്.റ്റി.ഇ.ഒ.എസ് ലൈസൻസ് ഫീ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 146000 | 146000 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

എഫ്.റ്റി.ഇ.ഒ.എസ് ലൈസൻസ് ഫീ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 27000 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

വസ്തുനികുതി റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 1717070 | 1293006 | 445267 |
| സഞ്ചയ പ്രകാരം | 1717070 | 1334927 | 368944 |

വസ്തു നികുതി റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 733689.70 | 430079 | 380185.70 |
| സഞ്ചയ പ്രകാരം | 792160 | 402275 | 391284 |

വസ്തു നികുതി നോൺ റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 1687498 | 1370531 | 332816 |
| സഞ്ചയ പ്രകാരം | 1687498 | 1330904 | 340558 |

വസ്തു നികുതി നോൺ റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 847770 | 288715 | 412204 |
| സഞ്ചയ പ്രകാരം | 681290 | 247077 | 434332 |

കെട്ടിട വാടക കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 245213 | 245213 | 0 |
| രജിസ്റ്റർ പ്രകാരം | 253068 | 253068 | 0 |

കെട്ടിട വാടക അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 5258 | 0 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

മാർക്കറ്റ് വരവ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 710000 | 238167 | 0 |
| രജിസ്റ്റർ പ്രകാരം | 781000 | 781000 | 0 |

മാർക്കറ്റ് വരവ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 84000 | 0 | 84000 |
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

## 1-1-7 രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ചിട്ടില്ല

ഡെപ്പോസിറ്റ്സ് രജിസ്റ്റർ, മുൻകൂറുകളുടെ രജിസ്റ്റർ, വായ്പ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ യഥാവിധി പരിപാലിച്ചിട്ടില്ല. ആയതിനാൽ ഈയിനങ്ങളിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്താനായില്ല.

## 1-1-8 ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല

എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ നികുതി ഡിമാന്റ് വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്യുന്ന നികുതി വിവരങ്ങളും ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. നികുതി ഡിമാന്റുകൾ 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്കു ചെയ്തിട്ടുള്ളത്.

## 1-1-9 ആസ്തി മൂല്യത്തിനു തുല്യമായ തുകയ്ക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള തൻ വർഷ ആസ്തിമൂല്യം 11,97,456/- (തൻവർഷ ബി11 - മുൻവർഷ ബി11) രൂപയാണ്. എന്നാൽ തൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 9,89,745/- (തൻ വർഷ ബി 3- മുൻ വർഷ ബി3) രൂപ മാത്രമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരമുള്ള ആസ്തികളുടെ മൂല്യത്തിനു തുല്യമായ തുകയ്ക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല. തനതുഫണ്ടിൽ നിന്നുള്ള മൂലധനചെലവുകൾക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകാറില്ല എന്നു മറുപടി നൽകി.

## 1-1-10 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപെടുത്തിയിട്ടില്ല

തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഉദാ- ലൈസൻസ് ഫീ രജിസ്റ്റർ

## 1-1-11 പ്രൊവിഷൻസ് & റൈറ്റ് ഓഫ് - തുക ബുക്ക് ചെയ്തതുമായി ബന്ധപെട്ട രേഖകൾ ലഭ്യമായില്ല

ഇൻകം & എക്സ്പന്റിച്ചർ ഐ16 പ്രൊവിഷൻസ് & റൈറ്റ് ഓഫ് ഷെഡ്യൂളിൽ 270100107 പ്രൊവിഷൻ ഫോർ ഡൗട്ട് ഫുൾ റിസീവിബൾസ് - ലൈസൻസ് ഫീ അണ്ടർ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ ആക്ട് ഹെഡിൽ 84600/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമാക്കിയില്ല.

## 1-1-12 ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ആസ്തി ഇനം (ബാലൻസ് ഷീറ്റ് | ആസ്തി മൂല്യം | ഡിപ്രിസിയേഷൻ ഇനം | ഡിപ്രിസിയേഷൻ തുക |
|---|---|---|---|

| | | | |
|---|---|---|---|
| പ്രകാരം) | | | |
| വെഹിക്കിൾസ് | 1809110 | വെഹിക്കിൾസ് | 6048736 |
| ഓഫീസ് & അദർ ബിൽഡിംഗ് എക്യുപ്മെന്റ്സ് | 1135168 | ഓഫീസ് & അദർ എക്യുപ്മെന്റ്സ് | 1405784 |

## 1-1-13 സി.എഫ്.സി. ഫണ്ട് വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

450210101 ഫെഡറൽ ബാങ്ക് (സി.എഫ്.സി) (12140100254812) പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷിക കണക്കുകൾ പ്രകാരം 23,33,094/- രൂപയാണ്. എന്നാൽ സി.എഫ്.സി. ക്യാഷ് ബുക്ക് പ്രകാരം പ്രസ്തുത നീക്കിയിരിപ്പ് 23,36,916/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.

* ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഫണ്ടിന്റെ 31.03.2023 ലെ നീക്കിയിരിപ്പ് 23,20,700/- രൂപയാണ്. പ്രസ്തുത തുക വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി (23,33,094/-രൂപ) പൊരുത്തപ്പെടുന്നില്ല.

## 1-1-14 പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാധ്യത ഹെഡിൽ പേയ്മെന്റ് ചെയ്യുന്നവയ്ക്ക മാത്രമാണ് ബി9 ൽ ബാധ്യത രേഖപ്പെടുത്തുന്നത് എന്ന മറുപടി നൽകി.

## 1-1-15 മറ്റ് അപാകങ്ങൾ

1) ഇൻകം & എക്സ്പന്റിച്ചർ പത്രികയിൽ ചെലവ് (140,327,842.00) വരവിനു (133,899,492.00) മധികമായി രേഖപ്പെടുത്തിയിരിക്കുന്നു. ഡിപ്രീസിയേഷൻ അരിയർ ഡിമാന്റ് ജേണലുകൾ ചെലവു ഭാഗത്തു വരുന്നതു കൊണ്ടാണ് ചെലവുവരവിനുമധികമായി രേഖപ്പെടുത്തപ്പെട്ടത് എന്ന് മറുപടി നൽകി.

2) ബാലൻസ് ഷീറ്റ് ബി1 ഹെഡ് 310900101 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പന്റിച്ചർ മുന്നിരിപ്പ് തുക -16624475.95 രൂപ എന്നും, നീക്കിയിരിപ്പ് തുക -1914361495രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. നീക്കിയിരിപ്പ് തുക തിട്ടപ്പെടുത്തിയതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.

3) ഡെപ്പോസിറ്റ് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് (മുൻവർഷ ബി7 പ്രകാരം) | തൻവർഷം ലഭിച്ചത് (ആർ.പി. 33 പ്രകാരം | തൻവർഷം തിരികെ നൽകിയത് (ആർ.പി. 33 പ്രകാരം | നീക്കിയിരിപ്പ് (തൻവർഷ ബി 7 പ്രകാരം) |
|---|---|---|---|
| 2420219 | 105895 | 91304 | 1965660 |

ഓഡിറ്റിനു ലഭ്യമാക്കിയ ഡെപ്പോസിറ്റ്സ് രജിസ്റ്റർ അപൂർണ്ണവും, വിശദാംശങ്ങൾ ചുമതലയുള്ള ജീവനക്കാരോ, ഓഫീസർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ഹെഡ് 340200102 ഓക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ 12,74,843/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ ഓക്ഷനുകളുടെ ഭാഗമായി ലഭ്യമായതാണ് എന്നതു വ്യക്തമല്ല. ഇതു സംബന്ധിച്ച ലഡ്ജർ പരിശോധനയ്ക്ക ലഭ്യമാക്കിയില്ല.

4) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ 2021-22 മുതലുള്ള സ്റ്റോക്ക് മൂല്യം (ബി 14 ഷെഡ്യൂൾ) 50,408/- രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി നൽകുന്നതാണ് എന്ന് മറുപടി നൽകി.

5) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.

6) ബി 9 350800101 ലയബിലിറ്റിസ് ഇൻറസ്പക്ട് ഓഫ് സ്റ്റെയിൽ ചെക്ക്സ് ഹെഡിൽ 4906/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. മുൻ വാർഷികകണക്കുകളിലും ബാധ്യതയായി ഉൾക്കൊള്ളിച്ചിട്ടുള്ള പ്രസ്തുത തുകയുമായി ബന്ധപ്പെട്ട സ്റ്റെയിൽ ചെക്കുകളുടെ വിശദാംശം ലഭ്യമാക്കിയില്ല. ഇതിൽ മൂന്നുവർഷ കാലയളവ് കഴിഞ്ഞവ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7) ലോൺ വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല

| 01.04.2022ലെ വായ്പ കടിശ്ശിക | തൻ വർഷ വായ്പ (ആർ.പി. 31 പ്രകാരം) | തൻ വർഷം തിരിച്ചടച്ച തുക (സുലേഖ ചെലവു പത്രിക പ്രകാരം) | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 21738747 | 1300000 | 2697500 | 19541247* |

* വർഷാവസാന വായ്പ കടിശ്ശിക 8,00,000/- രൂപ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ ലഭ്യമാക്കിയില്ല. എസ്.ബി.ഐ. ലൈഫ് ലോൺ അക്കൗണ്ടിന്റെ (നം.40913910540) 01.01.2023 മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

8) വായ്പ കടിശ്ശിക ബി 5(19541247/-) എന്നത് ബി 16 (18641247/-) മായി പൊരുത്തപ്പെടുന്നില്ല. ലൈഫ് ലോൺ അക്കൌണ്ടിൽ 31.03.2023 ൽ 9,00,000/- രൂപ ചെലവാകാതെ അവശേഷിച്ചതിനാലുള്ള വ്യത്യാസമാണെന്ന മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ലൈഫ് ലോൺ അക്കൗണ്ടിലെ വർഷാന്ത്യ നീക്കിയിരിപ്പ് 5,00,000/- രൂപ മാത്രമാണ്.

9) റസീറ്റ്സ്&പേമെന്റ്സ് ആർ.പി. 10 പ്രകാരം 180100101 ഡെപ്പോസിറ്റ്സ് ഫൊർഫീറ്റഡ് - ഓക്ഷൻ ഡെപ്പോസിറ്റ് ഹെഡിൽ 473334/- രൂപ വരവു രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല.

10) ബാങ്ക് നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ ക്രമമല്ല.

| ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് | | പൊരുത്തപ്പെടുത്തലിന്റെ വിശദാംശം | | കുറിപ്പുകൾ |
|---|---|---|---|---|---|
| | എ.എഫ്.എസ്. പ്രകാരം | ബാങ്ക് /ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം | (+) ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ഇൻ റ്റു ബാങ്ക് | (-)ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയർഡ് | |
| എസ്.ബി.ഐ. തനത് നം.33739934186 | 3305740 | 3540136 | 345230 (51 ചെക്കുകൾ) | 110834 (13 ചെക്കുകൾ) | 19-20 മുതലുള്ള 13 ചെക്കുകൾ മാറാനുള്ളതായി രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും ഒരു ചെക്ക് മാത്രമാണ്ചെക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്<br>2019-20 മുതൽ ഇഷ്യൂ ചെയ്തിട്ടുള്ള 51 ചെക്കുകൾ മാറാനുള്ളതായി രേഖപ്പെടുത്തി യിരിക്കുന്നു. 3 മാസം കഴിഞ്ഞ ചെക്കുകൾ പണമായി മാറാൻ കഴിയില്ലായെന്നിരിക്കേ അവ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ.ഇപേമെന്റ് നം. 31866134597 | 1247810 | 1216561 | | 31249 | വസ്തുനികുതിയുടെ ഓൺലൈൻ ഇടപാടുകൾ മാത്രമുള്ള അക്കൗണ്ടിൽ തുക വരവു വെയ്ക്കുവാൻ സാധിക്കാത്തതിനുള്ള കാരണം വിശദമാക്കിയില്ല. |
| LGTSB നം. 799013000000644 | -63000 | 0 | 63000 | | 05.10.20 ൽ ഇഷ്യു ചെയ്ത ചെക്ക് നം.1853036 എന്ന ചെക്ക് (63000 രൂപ) മാറാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബിൽ രജിസ്റ്റർ പ്രകാരം ഇപ്രകാരം ഒരു ചെക്ക് അനുവദിച്ചിട്ടില്ല. 3 മാസം കഴിഞ്ഞ ചെക്ക് സ്റ്റെയിൽ ചെക്കായി ബുക്ക് ചെയ്തിട്ടില്ല. |

11) ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് | പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|---|
| ഫെഡറൽ ബാങ്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്. കട്ട യൂണിറ്റ് (12140200003218) | 140000 | 140000 | 03.07.2019 ലെ പാസ്സ് ബുക്ക് നീക്കിയിരിപ്പ്. |
| ഡി.സി.ബി. ലിറ്ററസി (നം.020161201200007) | 26973 | 27476 | |
| ഫെഡറൽ ബാങ്ക് ഡിസ്ട്രസ് റിലീഫ് (നം. 12140100247923) | 1821 | 1922 | |
| ഡി.സി.ബി. തനത് (നം.20161201200001) | 23402 | 23838 | |

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 25.03.2022 | 25.03.2023 |
| ഭരണസമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | 1515752 | 1515752 |
| വരവ് | 294589984 | 325956019 |
| ചെലവ് | 294890532 | 325685419 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 1215204 | 1786352 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും, അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ 15 ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2022 ജനവരി 15 ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനവരി 22 ന മുൻപ് | വികസനം, ക്ഷേമകാര്യം, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ചർച്ച നടത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2022 ഫെബ്രുവരി 1 ന് മുൻപ് | നടത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2022 ഫെബ്രുവരി 28 ന് മുൻപ് | വിശദാംശം ലഭ്യമാക്കിയില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2022 മാർച്ച് 1 ന് മുൻപ് | 19.03.2022 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2022 മാർച്ച് 7 ന് മുൻപ് | 24.03.2022 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 25.03.2022 |

നോൺ പ്ലാൻ ചെലവുകൾക്ക് ശിപാർശകൾ സ്വീകരിച്ച് ബജറ്റ് ക്രോഡീകരണം നടത്തുന്നതിനു ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധ പുലർത്തിയിട്ടില്ല. പദ്ധതികൾക്കു അംഗീകാരം നൽകി പദ്ധതി ചെലവു കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിനു മുൻപായി വാർഷിക പദ്ധതികൾക്കു രൂപം നൽകാൻ സാധിക്കാത്ത സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം നേടുന്ന മുറയ്ക്കു ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ചെലവുകൾക്കു ബന്ധപ്പെട്ട ഹെഡുകളിൽ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള വിവിധ വരവുകൾ യഥാർത്ഥ വരവുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ

വരവ്

| ഹെഡ് | റീവൈസ്ഡ് ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 1501101 ഫാറം വില | 35000 | 86078 |
| 1801001 ഡെപ്പോസിറ്റ്സ് ഫോർഫീറ്റഡ് | 0 | 473334 |
| 1804003 റിക്കവറി ഫ്രം അദേഴ്സ് - ഓഡിറ്റ് റിക്കവറി | രേഖപ്പെടുത്തിയിട്ടില്ല | 6964 |

ചെലവ്

| വാർഷിക കണക്കുകൾ പ്രകാരം |
|---|
| 137500 |
| 151300 |
| 45000 |
| 200000 |
| 70000 |
| 1896366 |
| 7900 |
| 1656000 |
| 210000 |
| 131250 |
| 743040 |

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/17.10.2023) മറുപടി ലഭ്യമാക്കിയില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാത്തതും, സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു നൽകാത്തതും ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**സാമ്പത്തിക വിശകലനം**

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7500474 |
| ഓഡിറ്റ് വർഷത്തെ വരവ് | 40314067 |
| ആകെ | 47814541 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33180827 |
| നീക്കിയിരിപ്പ് | 14633714 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 133899492/- രൂപയും ചെലവ് 140327842/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9226915 | | 11617651 | -2390736 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5488595 | | 5514476 | -25881 |
| സി.എഫ്.സി. ടൈഡ് | 0 | 5498531 | | 2090568 | 3407963 |
| സി.എഫ്.സി. അൺടൈഡ് | 0 | 2333533 | | 2477018 | -143485 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14615000 | | 8796803 | 5818197 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4677000 | | 4527988 | 149012 |
| CSS | 0 | 0 | 0 | 1849425 | -1849425 |
| SSS | 0 | 0 | 0 | 300000 | -300000 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (2697500/-രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (788400/-രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

**വരവ് വിശദാംശം**

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 9226915 | 12059000 |
| വികസനഫണ്ട് (എസ്.സി.പി) | 5488595 | 6263000 |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

**ചെലവ് വിശദാംശം**

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 11617651 | 9220305 |
| വികസനഫണ്ട് (എസ്.സി.പി) | 5514476 | 5488220 |
| സി.എഫ്.സി. (ടൈഡ്) | 2090568 | 5161676 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8796803 | 9046677 |

3) സി.എഫ്.സി. ഫണ്ട് മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് 28,26,042/- , വരവ് 80,47,823/-, നീക്കിയിരിപ്പ് 23,33,094/-).

4) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്ക ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ

വകയിരുത്തിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 120590 രൂപ കുറവു ചെയ്തു പോയിട്ടുണ്ട്.

7) വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കാതെ ആവശേഷിക്കുന്നു. ബാലൻസ് ഷീറ്റ് ബി 4 ഹെഡിൽ 31.03.2023 ൽ ഇപ്രകാരം നീക്കിയിരിപ്പായി ചേർത്തിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് | വിശദാംശം |
|---|---|---|
| 320200207 | 1002000 | മർമ്മ ഹോസ്പിറ്റലിന്റെ മെയിന്റനൻസിനായി ആയുർവേദ വകുപ്പിൽ നിന്നും ലഭിച്ചത് |
| 320300103 | 400000 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ലഭിച്ചത് |
| 320300199 | 7697589 | ഹോമിയോ ഡിസ്പൻസറി വിപുലീകരണത്തിനായി ലഭിച്ച ഫണ്ട്, തിരുവനന്തപുരം നഗരസഭയിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിച്ചത് |
| 320800199 | 30000 | വ്യക്തമല്ല |


മേൽ തുകകൾ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായതാണെന്ന് വ്യക്തമല്ല. പദ്ധതി തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഗ്രാന്റ് വിനിയോഗത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/17.10.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പദ്ധതി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനു ശ്രദ്ധ പുലർത്തേണ്ടതുമാണ്.


## 1-5 പദ്ധതി ആസൂത്രണം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 12059000 | 11617651 | 441349 |
| വികസനഫണ്ട് (എസ്.സി.പി) | 6263000 | 5514476 | 748524 |
| മെയിന്റനൻസ് (നോൺ റോഡ്) | 4677000 | 4527988 | 149012 |
| മെയിന്റനൻസ് (റോഡ്) | 14615000 | 8796803 | 5818197 |
| ആകെ | 37614000 | 30456918 | 7157082 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഉ.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് (ഉ.വി.ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 0 | 712539 | 642539 | 90.17 |
| വെറ്റിനറി സർജൻ | 9 | 9 | 0 | 2098585 | 1981500 | 94.42 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 10 | 0 | 1894900 | 1856654 | 97.98 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 255000 | 255000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 6 | 6 | 0 | 1200000 | 1200000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 16 | 12 | 53393100 | 7971799 | 15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 15 | 1 | 7510717 | 6803319 | 90.58 |
| സെക്രട്ടറി | 38 | 28 | 10 | 9711132 | 7164774 | 73.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 42 | 23 | 20490461 | 11299405 | 55.14 |
| ഹെഡ്മാസ്റ്റർ | 8 | 7 | 1 | 2123698 | 1109607 | 52.24 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1300000 | 743040 | 57.15 |

(ബി) ആകെ വരവ് ചെലവ് (സൂലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 13238880 | 11617651 | 87.75 |
| എസ്.സി.പി. | 6892886 | 5514476 | 80 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 7949669 | 4567586 | 57.45 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2948830 | 1849425 | 62.72 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 23100000 | 300000 | 1.29 |
| തനത് ഫണ്ട് | 1962503 | 514988 | 26.24 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 6344625 | 1547665 | 24.39 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 18277745 | 1484625 | 8.12 |
| മെയിന്റനൻസ് റോഡ് | 15065000 | 8796803 | 58.39 |
| മെയിന്റനൻസ് നോൺ റോഡ് | 4603564 | 4527988 | 98.35 |
| മറ്റുള്ളവ | 56636850 | 1523280 | 2.6 |
| ആകെ | 157326982 | 42550917 | 27.04 |

3)പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 189 | 142 | 47 | 100690132 | 41027637 | 40.75 |

4)ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1 പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചതായി അറിയിച്ചിട്ടില്ല. 2022-27 പദ്ധതി കാലയളവിലേക്കുള്ള ആസൂത്രണ സമിതിയിൽ 14 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതി രൂപീകരണത്തിനായി യോഗം കൂടിയിട്ടില്ല. ആയതിനാൽ തന്നെ തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക എന്നീ ചുമതലകൾ ഒന്നും തന്നെ ആസൂത്രസമിതി നിർവ്വഹിച്ചതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ നിർദ്ദേശപ്രകാരമാണ് 2022-23 വാർഷിക പദ്ധതി രൂപീകരിച്ചതെന്നാണ് അറിയിച്ചിരിക്കുന്നത്.

5)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, വർക്കിംഗ് ഗ്രൂപ്പ് വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള ഉപപദ്ധതി തയ്യാറാക്കുന്നതിനും (30.01.22) 2022-23 വർഷത്തെ പദ്ധതി രൂപീകരണത്തിനും (20.05.22, 03.06.22) മാത്രമായിട്ടാണ് വർക്കിംഗ് ഗ്രൂപ്പുകൾ (ഉദാ: ദാരിദ്ര ലഘൂകരണം) കൂടിയതായി കാണുന്നത്

A)വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| ദാരിദ്ര ലഘൂകരണം | 20 | 03.06.22 | 7 |
| കൃഷി | 25 | 03.05.22 | 8 |
| പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 21 | 20.05.22 | 8 |
| ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം,പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 19 | 20.05.22 | 3 |
| കുടിവെള്ളം, ശുചിത്വം | 21 | 13.02.22 | 8 |
| പൊതുമരാമത്ത് | 21 | 03.062022 | 4 |

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശമുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് നടത്തിയതായി കണ്ടെത്താൻ കഴിഞ്ഞില്ല.

B)വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച |
|---|---|---|---|---|

| നമ്പർ | | | | നടപടി(അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 9/10.10.2023 ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 02.07.2022 | സംരഭകർക്ക് പലിശരഹിത ലോൺ അനുവദിക്കുക | നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് സാമ്പത്തികവർഷം പ്ലാൻഫണ്ട് ലഭ്യമായിരുന്നില്ലായെന്നും 23-24 സാമ്പത്തികവർഷം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. |
| 3 | ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | 02.07.22 | റോഡിന്റെ വശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം | |
| 4 | കൃഷി | 02.07.22 | ജലസംരക്ഷണം ജലലഭ്യത കാർഷികാവശ്യങ്ങൾക്ക് സുഗമമായി ലഭ്യമാക്കുക | |
| 5 | പട്ടികജാതി വികസനം | 02.07.22 | SC വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതിയ്ക്കായി പദ്ധതികൾ നടപ്പിലാക്കുക | |

6) സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിക്കുകയോ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി(അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 8/10.10.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | മൃഗസംരക്ഷണവും ക്ഷീരവികസനവും | അതീവ ഗുരുതരം | I) യുവതലമുറയുടെ താത്പര്യക്കുറവ്<br>Ii) തെരുവുനായശല്യം | മൃഗസംരക്ഷണം, പ്രാദേശിക സാമ്പത്തികവികസനം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി ലഭ്യമായ ഫണ്ടിന് 23-24 വർഷം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. |
| 2 | പ്രാദേശിക സാമ്പത്തികവികസനം | ഗുരുതരം | ചെറുകിടവ്യവസായ ഗ്രൂപ്പുകളുടെ അഭാവം | |
| 3 | ആരോഗ്യം | ഗുരുതരം | I) ക്ഷയരോഗ നിയന്ത്രണം<br>Ii) ജീവിതശൈലീ രോഗം | |

7)ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചതായി പരിശോധിക്കാൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

8) വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടോയെന്നതിനും (ഓഡിറ്റ് അന്വേഷണം നം.1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

9) തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടോയെന്നതിനും (1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

10) കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്നതിനും (1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

11) നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്നതിനും (1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

12) CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടുണ്ടോയെന്നതിനും (1/09.10.23) മറുപടി ലഭ്യമാക്കിയില്ല.

13) ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ

ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. റോഡ്,റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.6.2022 | 1.4/22 മുതൽ 31.5.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.4.2013 മുതൽ 15.5.2013 വരെ | 2008-2009 മുതൽ 2012-13 വരെ | ലഭിച്ചിട്ടില്ല |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ 10.59 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17403/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5705500 | 516 |
| വിധവാ പെൻഷൻ | 6398000 | 675 |
| വാർദ്ധക്യകാല പെൻഷൻ | 14104300 | 1467 |
| വികലാംഗ പെൻഷൻ | 3790300 | 362 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 348800 | 36 |

### 1-8-1 സാമൂഹ്യ സുരക്ഷ പെൻഷൻ മരണ രജിസ്ട്രേഷൻ നടത്തിയിട്ടും പെൻഷൻ വിതരണം ചെയ്യുന്നു.

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ മരണ ശേഷവും പെൻഷൻ വിതരണം ചെയ്യുകയും പെൻഷൻ സസ്പെൻഡ് ചെയ്യാതെ നിലവിലും ആക്ടീവായി നിലനിർത്തിയിരിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| പേര് | പെൻഷൻ ഇനം | പെൻഷനർ ഐഡി | മരണം നടന്ന തീയതി | Status | പെൻഷൻ അവസാനം നല്കിയ മാസം | മരണ രജിസ്ട്രേഷൻ നടന്ന തീയതി |
|---|---|---|---|---|---|---|
| കൃഷ്ണൻ പി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 102920200340 | 25.12.21 | ആക്ടീവ് | June-2023 | 04.01.22 |
| ചെല്ലമ്മ ജെ. | കർഷക തൊഴിലാളി പെൻഷൻ | 102920100274 | 27.01.22 | ആക്ടീവ് | June-2023 | 11.02.22 |
| തായി സി | കർഷക തൊഴിലാളി പെൻഷൻ | 102920100730 | 3.8.22 | ആക്ടീവ് | June-2023 | 23.8.22 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/17.10.23) 2021,2022 കാലയളവിൽ കോവിഡ് മഹാമാരി കാരണം മസ്റ്ററിംഗ് നടന്നിട്ടില്ലാത്തതിനാലും സേവന പെൻഷൻ, സേവന സിവിൽ രജിസ്ട്രേഷൻ സൈറ്റുകൾ തമ്മിൽ ഇന്റഗ്രേഷൻ നടന്നിട്ടില്ലാത്തതിനാലുമാണ് മരണപ്പെട്ടത് അറിയാൻ കഴിയാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മരണ രജിസ്ട്രേഷൻ നടത്തുന്നതിനോടൊപ്പം പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതും മരണപ്പെട്ട തീയതിക്ക് ശേഷം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP3 പ്രകാരം) | ആകെ | ചെലവ് (I-14(f) പ്രകാരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| * ഭരണച്ചെലവുകൾ | 1843 | 1740937 | 1742780 | 234776 | 1508004* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 41569770 | 41569770 | ** 4,15,69,770 | 0 |
| ആകെ | 0 | 43311116.50 | 43312550 | 42431896 | 42431896 |

* വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 880654/- രൂപയാണ്. ഫെഡറൽ ബാങ്ക് അക്കൗണ്ട് (NREGS Admin Fund) 1214100265404 പ്രകാരമുള്ള ചെലവ് തുകയായ 627350/-രൂപ I-14(f) ൽ ഉൾപ്പെടുത്താത്തതാണ് മേൽ വ്യത്യാസത്തിന് കാരണം.

** ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ തുക 4,09,50,000/-ആണ്.

## 1-10 തൊഴിലുറപ്പ് വാർഷിക കണക്കുകളുമായി ബന്ധപെട്ട പരാമർശങ്ങൾ

1. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്കിൽ 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവിനത്തിൽ ചെലവഴിച്ച ആകെ തുക, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ആകെ തുക എന്നിവ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് മുൻകൂർ രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പ്രകാരം അഡ്വാൻസ് ഇനത്തിലെ 2022-23 സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് , വരവ് , നീക്കിയിരിപ്പ് തുക എന്നിവ ചുവടെ ചേർക്കുന്നു.

| | മുൻകൂർ രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 1295508 |
| 2022-23 സാമ്പത്തിക വർഷം അഡ്വാൻസായി കൈപ്പറ്റിയത്/ നൽകിയത് | 2034176 |
| ആകെ | 3329684 |
| 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്ത തുക | 627350 |
| 2022-23 സാമ്പത്തിക | 2702334 |

| വർഷത്തെ നീക്കിയിരിപ്പ് | |
|---|---|

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 1847565/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

3. MGNREGS ന്റെ I-14 -C, I-14-F എന്നിവയുടെ ആകെ തുക I-6 പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

| I- 6 പ്രകാരമുള്ള വരവ് | EFMS ചെലവ് (I-14 - C) | Administrative Expense (I-14-F പ്രകാരം) | ആകെ ചെലവ് | വരവും ചെലവും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| 41595950 | 41569770 | 234776 | 41804546 | 208596 |

(ഓഡിറ്റ് എൻക്വയറി നം 26/13.10.2023)

## 1-11 വസ്തു നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (2) (A), 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 4(1), 5 എന്നിവ പ്രകാരം കെട്ടിടങ്ങളെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിഭാഗങ്ങളിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി സർക്കാർ നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതാത് സ്ഥാപനങ്ങൾ നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്കനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

1) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതുമായി ബന്ധപ്പെട്ടോ, മേഖലാവിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കിയതു സംബന്ധിച്ചോ യാതൊരു രേഖകളും ലഭ്യമായില്ല.

2) സ.ഉ (കൈ) നം. 77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തുകൾ പുതുക്കി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ 7-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, 8 -ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി സ്വീകരിച്ച് അന്തിമവിജ്ഞാപനങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/11.10.2023) ന് മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല.

മേഖലകൾ തരംതിരിക്കുന്നതിൽ ശാസ്ത്രീയമായ രീതി അവലംബിക്കേണ്ടതും പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനത്തിലാണ് മേഖലാ നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ 01.04.2023 മുതലുള്ള നികുതി പരിഷ്കരണത്തിനു സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വസ്തു നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസുകൾ നൽകി നികുതി ഈടാക്കുന്നതിന് ചട്ടം, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കി തനതു വരുമാനം ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ 01.04.2023 മുതലുള്ള നികുതി പരിഷ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ

പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. സേവന ഉപനികുതി ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/14.10.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഉപനികുതി ചുമത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്താനുള്ള അവസരം ലഭിക്കുമെന്നതിനാൽ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## 1-13 വസ്തുനികുതി ഇളവുകൾ

**1) വിമുക്ത ഭടന്മാരുടെ കുടുംബത്തിനു താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ഇളവു ചെയ്തതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല**

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകൾ, സാക്ഷ്യപത്രങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/11.10.2023) മറുപടി ലഭ്യമാക്കിയില്ല.

**2) വസ്തു നികുതി ഇളവ് അനുവദിച്ചതിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.**

സ.ഉ.(എം.എസ്.)144/205 തീയതി 27.04.205, സ.ഉ.(എം.എസ്) നം.358/2015 തീയതി 16.12.2015 എന്നിവ പ്രകാരം 60 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതും ഉടമസ്ഥൻ സ്വന്തം താമസ ആവശ്യത്തിന് ഉപയോഗിക്കുന്നതുമായ വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഇളവു ചെയ്തിരുന്നു. പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം ലഭ്യമാകേണ്ടതുണ്ട്. സഞ്ചയ പ്രകാരം വിവിധ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഇളവു അനുവദിക്കുന്നതിനു കെട്ടിട ഉടമയുടെ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുകയോ, കെട്ടിട ഉടമ സ്വന്തം താമസാവശ്യത്തിനു ഉപയോഗിക്കുന്നതാണെന്ന് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

## 1-14 തനതു വരവുകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയിതര വരുമാനം 90% ൽ കുറവായതിനാൽ പിഴയായി സർക്കാർ വികസനഫണ്ട് വിഹിതം കുറവു ചെയ്തിരുന്നു. തനതു വരുമാനം ഉറപ്പാക്കുന്നതിനും, പൂർണ്ണമായി ലഭ്യമാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക വിശദാംശം ചുവടെ.

| ഹെഡ് | 31.03.2022 ലെ കുടിശ്ശിക | 31.03.2023 ലെ കുടിശ്ശിക |
|---|---|---|
| 431100101 പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (കറന്റ്) | 337627 | 445267 |
| 431100102പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (അരിയർ) | 396062.70 | 380185.70 |
| 431100103 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (കറന്റ്) | 439587 | 332816 |

| | | |
|---|---|---|
| 431100104 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (അരിയർ) | 408183 | 412204 |
| **ആകെ** | 1581459.7 | 1570472.7 |

മേൽ പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ, കുടിശ്ശികയുടെ വർഷം തിരിച്ച വിശദാംശങ്ങൾ തുടങ്ങിയവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/11.10.2023) മറുപടി നൽകിയില്ല. കുടിശ്ശിക നിവാരണത്തിനും ഡിമാന്റ് തുകകൾ പൂർണ്ണമായും ഈടാക്കുന്നതിനുമുള്ള ഫലപ്രദമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നടത്തേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2022-23 സാമ്പത്തിക വർഷം വരെ കുടിശ്ശികയായ വസ്തു നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | കെട്ടിട നമ്പർ | വർഷം | കുടിശ്ശിക തുക |
|---|---|---|---|
| റിലയൻസ് ഇൻഫോ കോം ലിമി | 5/558 | 2021-22 മുതൽ 2022-23 വരെ | 4548 |
| സബ് ഡിവിഷൻ എഞ്ചിനീയർ, ടെലിഗ്രാം ഓഫീസ് | 7/401 | 2016-17 മുതൽ 2022-23 വരെ | 60639 |
| **ആകെ** | | | **65187** |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ അന്വേഷണകുറിപ്പ് (നം. 46/19.10.2023) ന് മറുപടി നൽകിയില്ല. കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി - ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ഥാപനങ്ങൾ, സംരംഭകർ/വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയും, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം സേവനം ചെയ്യുന്ന വ്യക്തികളും തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ പൂർണ്ണമായ വിശദാംശങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുകയോ, തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-16-1 എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|
| ആർ.എസ്. ബ്രദേഴ്സ് സൂപ്പർമാർക്കറ്റ് | I,II |
| ലാവണ്യ ബേക്കേഴ്സ് & ഫാമിലി റസ്റ്റാറന്റ് | I,II |
| മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ് | I,II |

| | |
|---|---|
| മണപ്പുറം ഫിനാൻസ് | I |
| കെ.എസ്.ഇ.ബി. കാഞ്ഞിരംകുളം | I,II |
| രതകല ഫാഷൻ ജ്വല്ലേഴ്സ് | I,II |
| തൃശ്ശൂർ ഫാഷൻ ജൂവലറി | I,II |
| കേരള ബാങ്ക്, കാഞ്ഞിരംകുളം | II |
| കാർഷിക വികസന ബാങ്ക് | I |
| ഫെഡറൽ ബാങ്ക്, കാഞ്ഞിരംകുളം | I |

മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരങ്ങളും നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരവും ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.102023) ഡിമാന്റ് നോട്ടീസ്, നികുതി ഈടാക്കുവാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മറുപടി എന്നിവ ലഭ്യമാക്കിയില്ല.

## 1-16-2 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണമായി

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|
| കെ.ആർ. അലുമിനിയം ട്രേഡേഴ്സ് | I,II |
| ഐശ്വര്യ ജൂവലറി | I,II |
| എച്ച്.എം. ഫുഡ് പ്രോഡക്ട്സ് | I,II |
| വൃക്ഷ മാർട്ട് മിനി സൂപ്പർമാർക്കറ്റ് | I,II |
| സുബ്ബയ്യ ജൂവലറി | I,II |
| അഹല്യ ഗോൾഡ് പാർക്ക് | I,II |
| HAWKIEZ സൂപ്പർമാർക്കറ്റ് | I,II |
| യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | II |
| ജവഹർ സെൻട്രൽ സ്കൂൾ | I,II |
| ആശ്രയ ആശുപത്രി | I,II |

| | |
|---|---|
| സി.എസ്.ഐ. ആശുപത്രി | I,II |
| ആയുർവേദ സിദ്ധ രവി വൈദ്യശാല | I,II |

ഗ്രാമപഞ്ചായത്ത് പ്രദേശത്തു പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കു ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.102023) ഡിമാന്റ് നോട്ടീസ്, നികുതി ഈടാക്കുവാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മറുപടി എന്നിവ ലഭ്യമാക്കിയില്ല.

## 1-16-3 സ്വകാര്യ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ സേവനം ചെയ്ത അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതാണെങ്കിലും ഇപ്രകാരം ഡിമാന്റ് നോട്ടീസ് നല്കി നികുതി ഈടാക്കിയില്ല. മേലുള്ളവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല.

ജയന്തി ഫെർട്ടിലിറ്റി & സർജിക്കൽ സെന്റർ

ഡിവൈൻ ഡെന്റൽ ക്ലിനിക്

ജെ.എസ്. ഡന്റൽ ക്ലിനിക്

സ്മൈൽ ടെക് ഡെന്റൽ ക്ലിനിക്

പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/10.10.2023) ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിലിലേർപ്പെടുന്ന എല്ലാ സ്വകാര്യ പൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി സ്വീകരിക്കേണ്ടതാണ്.

## 1-16-4 ജീവനക്കാരുടെ വിശദാംശങ്ങൾ സ്ഥാപന മേധാവികളിൽ നിന്നും ആവശ്യപ്പെടുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 14, 16 പ്രകാരം സ്ഥാപന മേധാവികളിൽ നിന്നും എല്ലാ ജീവനക്കാരുടെയും ലിസ്റ്റും, ശമ്പള വിവരങ്ങളും ആവശ്യപ്പെടാവുന്നതാണ്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽനികുതി പത്രികകൾ പ്രകാരമുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ അപൂർണ്ണമാണ്. ഉദാഹരണമായി

| സ്ഥാപനം | കുറിപ്പ് |
|---|---|
| എസ്.ബി.ഐ. കാഞ്ഞിരംകുളം | പാർട്ട് ടൈം/ സെക്യൂരിറ്റി/ കരാർ/ദിവസവേതന ജീവനക്കാരുടെ വിവരം ഇല്ല |
| കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക്, കാഞ്ഞിരംകുളം | പാർട്ട് ടൈം/ സെക്യൂരിറ്റി/ കരാർ/ദിവസവേതന ജീവനക്കാരുടെ വിവരം ഇല്ല |
| കാർഷിക വികസന ബാങ്ക് | പാർട്ട് ടൈം/ സെക്യൂരിറ്റി/ കരാർ /ദിവസവേതന ജീവനക്കാരുടെ വിവരം ഇല്ല |
| മാവേലി സ്റ്റോർ, കാഞ്ഞിരംകുളം | ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമാണ് ലഭിച്ചിട്ടുള്ളത് |
| സപ്ലൈകോ മെഡിക്കൽ സ്റ്റോർ, കാഞ്ഞിരംകുളം | ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി മാത്രമാണ് ലഭിച്ചിട്ടുള്ളത് |
| ആരോഗ്യ കേന്ദ്രങ്ങൾ | എച്ച്.എം.സി. ജീവനക്കാർ, പാലിയേറ്റീവ് കെയർ ജീവനക്കാർ എന്നിവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/11.10.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകം

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 232 സ്ഥാപനങ്ങൾക്ക് /സംരംഭകർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം 1300 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ട്. ഹരിതകർമ്മസേനയുടെ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്വകാര്യ ആശുപത്രികൾ, ട്യൂഷൻ സ്ഥാപനങ്ങൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ ഉൾപ്പെടെ ആകെ 824 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/11.10.2023) ചില സ്ഥാപനങ്ങൾ 5 ഓളം കടമുറികൾ ചേർന്നാണ് പ്രവർത്തിക്കുന്നത് എന്നും, കുറേ സ്ഥാപനങ്ങൾ കാലപഴക്കം ചെന്ന് ഉപയോഗിക്കാനാകാതെ പൂട്ടി കിടക്കുകയാണ് എന്നും മറുപടി നൽകി. പൂട്ടി കിടക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. കൂടാതെ, ലൈസൻസ് രജിസ്റ്ററിൽ ഒരു സ്ഥാപനത്തിന് ഒരു കെട്ടിട നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒന്നിലധികം കടമുറികളിൽ പ്രവർത്തിക്കുന്നവയ്ക്ക് എല്ലാ മുറികളുടെയും കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 234, 254 പ്രകാരം ലൈസൻസ് അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിലുൾപ്പെടാത്ത സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്ത് പ്രദേശത്തു പ്രവർത്തിക്കുന്നതായി മറുപടി നൽകി. ഇത്തരം സ്ഥാപനങ്ങളുടെ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17-1 ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയുടെ നടത്തിപ്പിന് ലൈസൻസ് അനിവാര്യമാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. റേഷൻ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെയും, നികുതികൾ ഒടുക്കാതെയും പ്രവർത്തിക്കുന്നതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.11/10.10.2023, 13/11.10.2023) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 16റേഷൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടും ലൈസൻസ് എടുക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനായി കമ്മിറ്റിയുടെ പരിഗണനയിലാണെന്ന് മറുപടി നൽകി. ലൈസൻസ് കൂടാതെയും, നികുതികൾ ഒടുക്കാതെയും റേഷൻ കടകൾ പ്രവർത്തിക്കുന്നതു സിവിൽ സപ്ലൈസ് കമ്മീഷണറുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. പരാമർശത്തിനു മേൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 തനതു വരവ്, വായ്പകൾ എന്നിവയുടെ അവലോകനം നടത്തുന്നില്ല

സ. ഉ(കൈ) നം. 117/2022/ത.സ്വ.ഭ.വ തീയതി.1.6.2022 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റുമെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. കൂടാതെ നികുതി പിരിവിന്റേയും നികുതിയേതര വരവിന്റേയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും നടത്തേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ചും ഡി.സി.ബി പത്രിക തയ്യാറാക്കി പ്രാദേശിക സർക്കാരുകൾ ഭരണസമിതി യോഗത്തിലും ഗ്രാമസഭകളിലും അവലോകനം നടത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിലോ, ഗ്രാമസഭകളിലോ മേൽ അവലോകനം നടത്തിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നികുതി നികുതിയേതര വരവുകളുടേയും വായ്പകളുടെയും അവലോകനം നടത്തുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-19 വരവിനങ്ങളുടെ ഫയലുകൾ/രേഖകൾ പരിശോധനക്കു ലഭ്യമായില്ല.

30.06.2022 ലെ ഡേ ബുക്ക് പ്രകാരം ആസ്തി നിർമാർജ്ജനം ചെയ്ത ഇനത്തിലെ ലേലവരവായി 2,79,267/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വരവുമായി ബന്ധപ്പെട്ട ലേല ഫയൽ, വാല്യുവേഷൻ രേഖകൾ തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/12.10.2023) മറുപടി ലഭ്യമാക്കിയെങ്കിലും

ഫയലുകൾ ലഭ്യമാക്കിയില്ല. പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും മേൽ തുക വാർഷികധനകാര്യപത്രികയിൽ ഏത് ഹെഡ്ഡിലാണ് വരവ് ചേർത്തിട്ടുള്ളതെന്ന വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതി 24.11.2022 ലെ 2(1) തീരുമാനത്തിലൂടെ 37-ാം നമ്പർ അങ്കണവാടിയിൽ അപകടകരമായി നിന്നിരുന്ന പ്ലാവ് മുറിച്ച് മാറ്റി, ലേലം ചെയ്ത് വിൽക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി അങ്കണവാടി പരിസരത്തുണ്ടായിരുന്ന പ്ലാവ് മുറിച്ച് മാറ്റിയെങ്കിലും ലേല നടപടികൾ സ്വീകരിച്ച് തടി വില്പന ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/12.10.2023) തടി അങ്കണവാടി പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായും, ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ ലഭ്യമാകാത്തതിനാലാണ് ലേല നടപടികൾ സ്വീകരിക്കാത്തത് എന്നും മറുപടി നൽകി. വാല്യുവേഷൻ ലഭ്യമാക്കുന്നതിനും, ലേലനടപടികൾ പൂർത്തിയാക്കുന്നതിനും അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും, ലേല തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 1-21 മെറ്റീരിയൽ സപ്ലൈ- ബില്ലുകളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂ എന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP /AW/20/2022 നമ്പർ ഉത്തരവിലൂടെ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. ടെൻഡർ എടുക്കുന്ന കരാറുകാരൻ മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ നൽകുന്ന ബ്രാൻഡിന്റെ പേര് (ഓരോ ബ്രാൻഡിനും വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷം പേയ്മെന്റ് നടത്തിയിരിക്കുന്ന മെറ്റീരിയൽ വർക്കുകളുടെ ഫയലുകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ജി.എസ്.ടി ബില്ലുകളിൽ ഇത്തരത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ കരാറുകാർ മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ , നൽകുന്ന സിമന്റ് ബ്രാൻഡിന്റെ പേര്, വില, യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതാണെന്ന് ഉറപ്പു വരുത്തേണ്ടതും തുക അനുവദിക്കുന്നത് ബന്ധപ്പെട്ട ഉത്തരവിലെ നിരക്കുകൾക്ക് വിധേയമായി മാത്രമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം 38/18.10.2023).

## 1-22 എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ വർക്കിൽ ലഭ്യമായ തുകകൾ PFMS മുഖാന്തിരം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നില്ല.

എം.ജി.എൻ.ആർ.ജി.എസ് ൽ അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ ഫണ്ട് ഒഴികെ മറ്റിനങ്ങളായ മെറ്റീരിയൽ വർക്ക്, നോൺമെറ്റീരിയൽ വർക്ക് തുടങ്ങിയവയുടെ ചെലവു തുകകൾ നിർവഹിച്ച പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ട വ്യക്തികളുടെ ബാങ്ക് അക്കൗണ്ട്, ആധാർ നമ്പർ മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി എഫ്.റ്റി.ഒ (ഫണ്ട് ട്രാൻസ്ഫർ ഓർഡർ) തയ്യാറാക്കി നിർവഹണോദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സ്റ്റേറ്റ് നോഡൽ ഓഫീസർ അപ്രൂവ് ചെയ്ത ശേഷമാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ/വെണ്ടറുടെ അക്കൗണ്ടിലേക്ക് PFMS മുഖാന്തിരം ഉടൻ തന്നെ നേരിട്ട് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

എന്നാൽ 2022-23 ൽ മെറ്റീരിയൽ ഫണ്ടിനത്തിൽ ലഭ്യമായ തുകകൾ പൂർണമായും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (SBI കാഞ്ഞിരംകുളം അക്കൌണ്ട് നം : 67057922422) മെറ്റീരിയൽ ഫണ്ടിനത്തിൽ അനുവദിച്ച തുക ലഭിച്ചിട്ടുണ്ട്. തൻവർഷം ഇപ്രകാരം ലഭ്യമായ തുകയിൽ നിന്നും 2,34,481/- രൂപ മാന്വലായി വൗച്ചർ തയ്യാറാക്കി ചെക്ക് മുഖാന്തിരം (ചെക്ക് നം 683714 Rs 76880/-, Cheque No 683715 - Rs 157601/-) പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 17709/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു (മുന്നിരിപ്പ് 1843/-) .

സെക്രട്ടറിയുടെ പേരിലുള്ള എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിനെ വെണ്ടർ അക്കൗണ്ടായി കണക്കാക്കി മെറ്റീരിയൽ എൻട്രി ചെയ്യുകയും, മെറ്റീരിയൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. തൊഴിലാളികൾക്ക് നിർബന്ധമായും ബാങ്ക് അക്കൗണ്ടുകൾ ഉണ്ടാകണമെന്നിരിക്കെ, ഇത്തരത്തിൽ ഫണ്ട് കൈകാര്യം ചെയ്യുന്ന രീതി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകേണ്ടതും, വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ധനവിനിയോഗം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ് .

## 1-23 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നില്ല

സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ് ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 62/23 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് ടോയ്‌ലറ്റ് | 100000 | ധനകാര്യകമ്മിഷൻ അവാർഡ് |
| 2 | 68/23 | ആയുർവേദ മർമ്മാശുപത്രി പുനരുദ്ധാരണം | 1002000 | മറ്റുള്ളവ |

അപാകതയ്ക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21/12.10.2023) മറുപടി ലഭ്യമാക്കിയില്ല.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഇത്തരത്തിൽ നടപ്പാക്കാനാകാത്തത് ആവശ്യകത നിർണയിച്ച് പദ്ധതികൾ തയാറാക്കാത്തത് കാരണമാണ്. മാർഗനിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ബാങ്ക് ചാർജസ് ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭ്യമായിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും (SBI 40392165944, കാഞ്ഞിരംകുളം) മിനിമം ബാലൻസ് ചാർജിനത്തിൽ 5130/- തുക ബാങ്ക് കുറവ് ചെയ്തിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | പിൻവലിച്ച തുക (രൂപ) |
|---|---|---|
| 1 | 30.04.2022 | 236.36 |
| 2 | 18.06.2022 | 943.64 |
| 3 | 31.07.2022 | 590 |
| 4 | 31.08.22 | 590 |
| 5 | 30.09.22 | 590 |
| 6 | 31.10.22 | 590 |
| 7 | 31.12.2022 | 590 |
| 8 | 31.01.2023 | 500 |

| | | |
|---|---|---|
| 9 | 28.02.2023 | 500 |
| | ആകെ | 5130 |

അപാകത ഓഡിറ്റ് അന്വേഷണം മുഖേന ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (ഓഡിറ്റ് അന്വേഷണം നം 32/17.10.2023) നിലവിലെ വ്യവസ്ഥ അനുസരിച്ച് ബാങ്ക് ചാർജിനുള്ള തുക മുൻകൂർ അടയ്ക്കുകയും അതിനുശേഷം ഹെഡ് ഓഫീസിൽ നിന്നുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് തുക റിട്ടേൺ ചെയ്യ് തരുമെന്ന് ബാങ്ക് അധികൃതർ അറിയിച്ചിട്ടുള്ളതായും 2022-23 ലെ തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 ഇ- ടെണ്ടർ ഫോറവില ലഭ്യമായിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാ പഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. 2022-23 വർഷം ഇ-ടെണ്ടറായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക എന്നിവയുടെ വിശദാംശങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല (നവംബർ 2022 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 30910/-രൂപയാണ്). ( ഓഡിറ്റ് എൻക്വയറി നം 3/09.10.2023) .

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് നിലവിലുണ്ടെങ്കിലും ഇ-ടെണ്ടർ ഫീസിനത്തിലെ തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ലഭ്യമാകുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന് ലഭ്യമാകേണ്ട തുക യഥാസമയം ലഭ്യമാകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ആസ്തി രജിസ്റ്ററിൽ തൻവർഷം ആർജിച്ച ആസ്തികളുടെ വിവരങ്ങൾ ഉൾപെടുത്തിയില്ല

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ ആസ്തി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09) ഖണ്ഡിക 3.22 ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഡിജിറ്റൈസ് ചെയ്യ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിരുന്നവെങ്കിലും (ഓഡിറ്റ് എൻക്വയറി നം 2/09.10.2023) 2022-23 വർഷം ആർജിച്ച എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആയതിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഉദാ- സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹരിതകർമസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാഹനം (നം KL-20-S2167) വാങ്ങിയിട്ടുണ്ട്. പ്രസ്തുത ആസ്തിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തി രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-27 96206/- രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം , പേര് - 33, ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 225000 (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് - 225000 (Bill No 1/20.12.2022 Rs 125000/-

Bill No 4/20.03.23 Rs 100000/- )

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ഹോംകോയിൽ നിന്നും മരുന്ന് വാങ്ങിയതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. 2,25,000/- രൂപ ഹോംകോയ്ക്ക് നൽകിയെങ്കിലും 128794/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 96,206/-രൂപയുടെ മരുന്ന് ലഭ്യമാകുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം 5/09.10.2023 )

**1-28 ഡയാലിസിസിന് ധനസഹായം-മാർഗനിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി നിർവഹിച്ചു- 36000/- രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നം - 208/23 ഡയാലിസിസിന് ധനസഹായം – ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ - 36,000 (തനത് ഫണ്ട്)

ചെലവ് - 36,000 (GPF എ.സി.ആർ ബിൽ നം 279/27.03.23 )

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി )

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തിയതി 28/5/2022 ഖണ്ഡിക 7.6.7 പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകാവുന്നതാണ്. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്ത് തലത്തിൽ പ്രോജക്ട് രൂപീകരിക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിനായി പ്രോജക്ട് രൂപീകരിച്ചതിനുള്ള കാരണം വ്യക്തമല്ല.

ബി) 18/9/2022-ൽ തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് ഡി.എ.1/151/2022 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയവ വഴി ധനസഹായം ലഭിക്കുന്നവരെ ഒഴിവാക്കി പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി നിർവഹണോദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത പട്ടിക ഗ്രാമസഭകൾ നിർബന്ധമായും അംഗീകരിച്ചിരിക്കണം. എന്നാൽ ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സി) ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 10/10.10.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ഇത് സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണത്തിന്റെ അഭാവത്തിൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് 36,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 അതിദരിദ്രർക്കുള്ള ആരോഗ്യസംബന്ധമായ സേവനങ്ങൾ- ചെലവുരേഖകൾ ഹാജരാക്കിയില്ല- 53455/- രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നം - 225/23 അതിദരിദ്രർക്കുള്ള ആരോഗ്യസംബന്ധമായ സേവനങ്ങൾ

അടങ്കൽ - 1,50,000 (മറ്റുള്ളവ)

ചെലവ് - 53,455 (സുലേഖ പ്രകാരം )

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അതിദരിദ്രർക്കുള്ള ആരോഗ്യസംബന്ധമായ സേവനങ്ങൾ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ, ലാബ് പരിശോധനകൾക്കുള്ള ചെലവുകൾ, ചികിത്സയുമായി ബന്ധപ്പെട്ട യാത്രാചെലവുകൾ മുതലായവയ്ക്ക് ചെലവഴിക്കാനാണ് തുക വകയിരുത്തിയിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിനം | തുക | ബിൽ നം തീയതി |
|---|---|---|---|
| ൧ | ഡ്രൈവർക്കുള്ള ഓണറേറിയം (730*3) | 2190 | ലഭ്യമാക്കിയില്ല. |

| | | | |
|---|---|---|---|
| | Supplyco Medical Stores Kanjiramkulam | 50000 | |
| | മെഡിക്കൽ ഓഫീസർ<br>(ജാനകി - 250, ഷീല - 250, നീതു - 250<br>തുളസി - 250, വിജയകുമാർ - 250<br>ഒ പി ടിക്കറ്റ് - 15 | 1265 | |
| ആകെ | | | |

പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

. മറ്റുള്ളവ എന്ന ഫണ്ടിനത്തിലാണ് തുക വകയിരുത്തിയിരിക്കുന്നത്. ആയത് ഏത് ഫണ്ടാണെന്നും മുഴുവൻ തുകയും ചെലവഴിക്കാത്തതിന് കാരണവും തുക നൽകിയ ചെക്ക് നം./ബിൽ നമ്പർ , തീയതി എന്നിവയും ലഭ്യമാക്കിയിട്ടില്ല.

. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ, വാഹനത്തിന്റെ ലോഗ്ബുക്ക് /ട്രിപ്പ് ഷീറ്റ്, അതിദരിദ്രരുടെ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങിയവ, മരുന്നുകൾ ലഭ്യമായ ബില്ലുകൾ, ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ) ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി , ചെലവുരേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ (നം 10/10.10.2023) 53455/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 ഫലവൃക്ഷത്തൈ പരിപാലനം - അപാകതകൾ

2022-23 വർഷം MGNREGS മുഖേന ഫലവൃക്ഷത്തൈ പരിപാലനം എന്നയിനത്തിൽ ഗ്രാമപഞ്ചായത്തിൽ 25 ലധികം പ്രവൃത്തികൾ നടപ്പിലാക്കുകയും വേതനമിനത്തിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം. പി.എസ് 2/288/2018(ത.സ്വ.ഭ.വ)(1) തീയതി 29.05.2018 പ്രകാരം ഫലവൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കുഴികൾ തയാറാക്കി വൃക്ഷത്തൈകൾ നടുന്നതിനും തുടർന്ന് വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ മസ്റ്റർ റോൾ ജനറേറ്റ് ചെയ്യാവുന്നതും അവിദഗ്ധ തൊഴിലിനുള്ള അനുവദനീയമായ വേതനം നൽകാവുന്നതുമാണ്. പരിപാലന ചുമതല നിർവഹിക്കുന്ന അയൽക്കൂട്ട അംഗത്തിനുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ (ഓരോ മാസവും ആകെ നട്ട വൃക്ഷത്തൈകളിൽ എത്ര എണ്ണം അതിജീവിച്ചു ) നിരക്കിൽ നൽകാവുന്നതാണ്.

പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ വിവിധ മസ്റ്റർറോളുകളിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് വേതനം നൽകുന്നതിന്റെ രേഖകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. അനുബന്ധരേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന വൃക്ഷത്തൈകൾ സംബന്ധിച്ചും അതിൽ ഓരോ അയൽക്കൂട്ടത്തിനും പരിപാലനചുമതല നൽകിയിട്ടുള്ള വൃക്ഷത്തൈകൾ സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയവയുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ വാല്യുവേഷൻ നടത്തി കൂലി നൽകേണ്ടതുമാണ്. ഇത്തരത്തിലുള്ള രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

3. വൃക്ഷത്തൈകളുടെ അതിജീവനത്തെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട്, അക്രഡിറ്റഡ് എഞ്ചിനീയർ (NREGS)/ഓവർസീയർ (NREGS) എന്നിവർ നടത്തിയ ഫീൽഡ് തല റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് അവിദഗ്ധവേതനം \അനുവദിക്കേണ്ടത്. ആയവ ഹാജരാക്കിയിട്ടില്ല.

4. ഓരോ മാസത്തിലും ആകെ നട്ട വൃക്ഷത്തൈകളുടെ 90% എങ്കിലും അതിജീവിക്കുന്ന പക്ഷം മാത്രമേ മുഴുവൻ കൂലിയ്ക്കും തൊഴിലാളിയ്ക്ക് അർഹതയുള്ളൂ. 90% നും 75% ഇടയിൽ അതിജീവനം ഉണ്ടായിട്ടുള്ളതെങ്കിൽ 50% കൂലിയും നൽകാവുന്നതാണ്. 75% ൽ താഴെ മാത്രമാണ് അതിജീവനമെങ്കിൽ കൂലിയ്ക്ക് അർഹതയുണ്ടാകില്ല.

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകളിലൊന്നും വൃക്ഷത്തൈകളുടെ വിശദാംശങ്ങൾ, അതിജീവന നിരക്ക് എന്നിവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

5. വൃക്ഷത്തൈകളുടെ പരിപാലന പ്രവർത്തനവും അതിജീവനവും ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനർ ആയിട്ടുമുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. മോണിറ്ററിംഗ്

റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

6. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും പൂർത്തിയാക്കിയതിന് ശേഷവുമുള്ള ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മതിയായ രേഖകളുടെ അഭാവത്തിൽ തുക അനുവദിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 31/17.10.2023) .

തുടർവർഷങ്ങളിൽ അപാകതകൾ പരിഹരിച്ച് പ്രവൃത്തി നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതും അർഹമായ തുക തന്നെയാണ് തൊഴിലാളികൾക്ക് നൽകുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-31 MNREGS- വാങ്ങൽ പ്രക്രിയയിൽ ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം MGNRES പദ്ധതിയിൽ ഉൾപ്പെട്ട 22 നടപ്പാത കോൺക്രീറ്റിംഗ് നിർമാണപ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന സാധനസാമഗ്രികൾ (മെറ്റൽ, മണൽ, സിമന്റ് മുതലായവ ) സപ്ലൈ ചെയ്യുന്നതിന് ജി.എസ്.റ്റി രജിസ്ട്രേഷൻ ഉള്ള അംഗീകൃത വിതരണക്കാരിൽ നിന്നും മാനുവൽ ടെണ്ടറുകളാണ് ക്ഷണിച്ചിരിക്കുന്നത് (ടെണ്ടർ നം 400261/GAPG09/GPO/2022/4939 തീയതി 24.11.2022). ടെണ്ടറിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന LIST Of Works For Tender പ്രകാരം മെറ്റീരിയലുകളുടെ ആകെ വിലയായി രേഖപ്പെടുത്തിയിരിക്കുന്ന എസ്റ്റിമേറ്റ് തുക 46,02,560/- രൂപയാണ്. ടെണ്ടർ നിബന്ധനകളിൽ ദർഘാസുകൾ സംബന്ധിച്ച് PWD/LSGD ഡിപ്പാർട്ട്മെന്റുകളിലെ നിലവിലുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും എന്ന് രേഖപ്പെടുത്തിട്ടുണ്ട്. ജി.ഒ(ആർ ടി) നം 2487/2016 ത.സ്വ.ഭ.വ തീയതി 20.08.2016 ഖണ്ഡിക 3.4.2.3 പ്രകാരം 5 ലക്ഷത്തിലധികം വരുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ മാനുവൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 38/18.10.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് " പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനപ്രകാരമാണ് ഓപ്പൺ ടെണ്ടർ വിളിച്ചത്. 5 ലക്ഷത്തിലധികം വരുന്ന വർക്കുകൾക്ക് ഇ-ടെണ്ടർ ക്ഷണിക്കുന്നതാണ്" .

വരും വർഷങ്ങളിൽ സാധനസാമഗ്രികളുടെ വാങ്ങൽ സംബന്ധിച്ച പൊതുനിബന്ധനകൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഗുണഭോക്തൃസമിതി കൺവീനർമാർക്ക് കുടിശ്ശിക തുക കൈമാറൽ- നൽകിയ തുകയുടെ ആധികാരികത വ്യക്തമല്ല- 8,78,317/- രൂപ തടസ്സപ്പെടുത്തുന്നു. തുടർപരിശോധനകൾ അനിവാര്യം

പ്രോജക്ട് നം ,പേര്- 4/2023, ഗുണഭോക്തൃസമിതികൾക്ക് കുടിശ്ശിക തുക കൈമാറൽ

അടങ്കൽ - 9,35,485 ( ധനകാര്യകമ്മിഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം)

ചെലവ് - 8,78,317 ( ACR Bill No 28/30.08.22 Rs 683839/-

ACR Bill No 35/24.09.2022 Rs 33411/-

ACR Bill No 34/24.09.22 Rs 161067/-)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 സാമ്പത്തിക വർഷം റോഡുകളുടെ മെറ്റലിംഗ്, ടാറിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ കരാറെടുത്തിട്ടുള്ള ഗുണഭോക്തൃസമിതി കൺവീനർമാർക്ക് കുടിശ്ശിക തുക കൈമാറുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 09.09.2021 ലെ WP(C) No 198 Of 2019 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-23 ൽ പ്രോജക്ട് തയാറാക്കി 9,35,485/- രൂപ വകയിരുത്തുകയും 8,78,317/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2016-17 വാർഷിക പദ്ധതിയിലുൾപ്പെട്ട ടാറിംഗ് റീടാറിംഗ് പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതികൾ ആവശ്യപ്പെട്ടത് പ്രകാരം ടാർ വാങ്ങി നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് റേറ്റ് അനുസരിച്ചുള്ള തുക കളക്ട് ചെയ്ത് ബിറ്റുമിൻ വാങ്ങി നൽകുകയും ചെയ്തു. (പ്രോജക്ട് ഫയിലിൽ നിന്നും ലഭ്യമായ വിവരങ്ങൾ). എന്നാൽ മാർക്കറ്റ് റേറ്റ് പ്രകാരമുള്ള തുക സാമ്പത്തിക നഷ്ടമാണെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമേ ബില്ലിൽ നിന്നും കുറവ് ചെയ്യാവൂവെന്നുമാവശ്യപ്പെട്ട് ഗുണഭോക്തൃസമിതി കൺവീനർമാർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ട് മുഖേന ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകേണ്ട കുടിശ്ശിക തുക നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയലിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന ലിസ്റ്റിൽ പ്രവൃത്തിയുടെ പേര് , കരാറുകാരന്റെ പേര്, കുടിശ്ശികയിനത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിർവഹണഉദ്യോഗസ്ഥൻ ആധികാരികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പ്രസ്തുത സ്റ്റേറ്റ്മെന്റ് പ്രകാരം ടാറിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള വില, മാർക്കറ്റ് റേറ്റ് പ്രകാരമുള്ള വില എന്നിവയിലെ വ്യത്യാസം നഷ്ടമായി കണക്കാക്കിയാണ് തുക നൽകിയിരിക്കുന്നതെന്നാണ് വ്യക്തമാകുന്നത്. എന്നാൽ നൽകിയ തുകയുടെ ആധികാരികത/കൃത്യത തെളിയിയിക്കുന്ന രേഖകൾ ലഭ്യമല്ല.

3. വർക്കിന്റെ പേര്, കൺവീനറുടെ പേര്, ഓരോ കരാറുകാരിൽ നിന്നും 2016-17 വർഷം ഈടാക്കിയ തുക ( ബിൽ നം, തീയതി ഉൾപ്പെടെ ) , എം ബുക്ക് നം, ഓരോ പ്രവൃത്തിയ്ക്കും ചെലവായ ടാറിന്റെ അളവ്, എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കണക്കാക്കിയതിനാധാരമായ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന വർക്ക് ഷീറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. കോടതി ഉത്തരവിൽ EXHIBIT P2 ആയി രേഖപ്പെടുത്തിയിരിക്കുന്ന 01.03.2017 ലെ പഞ്ചാത്ത് ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. 2016-17 വർഷം നിർവഹണം നടത്തിയിരിക്കുന്ന പരാമർശിത പ്രവൃത്തികളുടെ ചെലവുപത്രിക ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമായില്ല.

6. 2016-17 വർഷത്തെ പരാമർശിത പ്രവൃത്തി ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നുവെങ്കിലും , ആയവയുടെ എം ബുക്കിൽ ഉപയോഗിച്ച ടാറിന്റെ അളവ് രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരം (01.03.2017 ലെ 564/2017 /ത.സ്വ.ഭ.വ ) ഓരോ പ്രവൃത്തിയുടെയും ടാറിന്റെ ആവശ്യവും അതിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും ആയതിന് ശേഷം സെക്രട്ടറിയ്ക്ക് തുക നൽകുന്നതിന് നിർവഹണ ഉദ്യോഗസ്ഥന്റെ സ്വന്തം ടി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം ടാർ വാങ്ങുന്ന ആവശ്യത്തിലേയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 വർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയുടെയും, ചെക്ക് മുഖേന സെക്രട്ടറിയ്ക്ക് നൽകിയ തുകയുടെയും, ടാർ വാങ്ങി നൽകിയതിന്റെയും വിവരങ്ങളൊന്നും ആ വർഷത്തെ പ്രവൃത്തി ഫയലുകളിലോ, തൻവർഷ ഫയലിലോ ലഭ്യമല്ല.

8. പഞ്ചായത്ത് ടാർ വാങ്ങി നൽകിയതിനെ ആയത് കരാറുകാർ കൈപ്പറ്റിയതിനെയും സാധൂകരിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

9. 2022-23 ലെ പ്രോജക്ട് മുഖേന കുടിശ്ശിക തുക നൽകുന്നതിന് 8,78,317 - രൂപധനകാര്യകമ്മിഷൻ അടിസ്ഥാനഗ്രാന്റിൽ നിന്ന് ചെലവഴിച്ചതിന് കാരണം വ്യക്തമല്ല.

10. ഓരോ പ്രോജക്ട് പ്രകാരവും നൽകിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ലെങ്കിലും, 2016-17 വർഷത്തെ പ്രവർത്തി നിർവഹണവുമായി ബന്ധപ്പെട്ട ഏതാനും ഫയലുകൾ പരിശോധിച്ചപ്പോൾ കാലിബാരലിന്റെ വിലയുൾപ്പെടെയുള്ള തുകയാണ് കരാറുകാരന് കുടിശ്ശികയിനത്തിൽ നൽകിയിരിക്കുന്നതെന്ന് കാണുന്നു.

ഉദാ - . കുളം കഴിച്ചാണി റോഡ് റീടാറിംഗിനായി (പ്രോജക്ട് നം 156/17) കൺവീനർ സൈമൺ എൽ എന്ന വ്യക്തിയ്ക്ക് പ്രോജക്ട് പ്രകാരം കാലിബാരലിന്റെ വിലയിനത്തിൽ കുറവ് ചെയ്യുന്ന 5720/- രൂപയുൾപ്പെടെ 25041/- രൂപയാണ് തിരികെ നൽകിയിരിക്കുന്നത്. കാലിബാരലിന്റെ വിലകുറവ് ചെയ്താണ് കരാറുകാരന് നൽകേണ്ടിയിരുന്നത്.

. ഊറ്ററ പള്ളിക്കര മരപ്പാലം റോഡ് എന്ന പ്രോജക്ടിന്റെ എം ബുക്കിൽ 505/16-17 , സെക്രട്ടറിയ്ക്ക് നൽകിയ തുക 29144/- ആണ്. ആയതിൽ കാലിബാരലിന്റെ വില ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. ബിൽ തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ബില്ലിലോ എം.ബുക്കിലോ ഉൾപ്പെട്ടിട്ടില്ല.

. കുഞ്ഞുകൃഷ്ണൻ നാടാർ സ്മാരക റോഡ് (പ്രോജക്ട് നം S073/17 ) എന്ന പ്രോജക്ടിന്റെ ട്രഷറി ബിൽ പ്രകാരം സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് നൽകിയ തുക 34875/- ആണ് . ഇതിൽ കാലിബാരലിന്റെ വില ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. എന്നാൽ കൺവീനറായ അജിത്കുമാറിന് നൽകിയ തുക 50612/- രൂപയാണ് . തുകകൾ പൊരുത്തപ്പെടുന്നില്ല.

കാലിബാരലിന്റെ വിലയിനത്തിൽ കൺവീനർമാർക്ക് അനർഹമായി നൽകിയിരിക്കുന്ന തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

ധനകാര്യകമ്മിഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി നിർവഹണം നടത്തിയതിനെ സാധൂകരിക്കുന്ന ഭരണസമിതി തീരുമാനം, ചെലവുരേഖകൾ ആധികാരികമാക്കാതെയും അർഹതപ്പെട്ടതിൽ അധികമായും കരാറുകാർക്ക് തുക നൽകിയതിന് കാരണം, ആവശ്യമായ മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കാവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 36/18.10.2023) മറുപടി, രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 8,78,317/-രൂപ തടസ്സപ്പെടുത്തുന്നു.

കുടിശ്ശികയിനത്തിൽ നൽകിയ തുക കൃത്യമല്ലായെന്ന് പ്രോജക്ടിന്റെ പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടതിനാലും ആവശ്യമായ രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കാത്തതിനാലും പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കുന്നതിന് തുടർ പരിശോധനകൾ ആവശ്യമാണെന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭരണതലത്തിൽ

തുടർപരിശോധനകൾക്ക് ശുപാർശ ചെയ്യുന്നു.

വിവിധ ബില്ലുകൾ പ്രകാരം തുക നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി ചുവടെ ചേർക്കുന്നു.

അനുബന്ധം

| കൺവീനറുടെ പേര് | നൽകിയ തുക | ബിൽ നം , തീയതി |
|---|---|---|
| ക്രിസ്തുനേശൻ ജി | 53252 | ACR Bill No 28/30.08.22 |
| അൻപു ജോർജ് എം കെ | 49137 | |
| പ്രസാദ്കുമാർ റ്റി | 17847 | |
| സൈമൺ എൽ | 13168 | |
| അജിതാറാണി | 102105 | |
| അജിത് കുമാർ ജി ആർ | 50612 | |
| സുഗന്ധി റ്റി | 63794 | |
| സെൽവരാജ് പി | 69233 | |
| സന്തോഷ് കുമാർ എസ് | 29144 | |
| രതദാസ് ജി | 27157 | |
| ഷാജി ജെ | 32788 | |
| ഷീബ വി | 54923 | |
| ദിലീപ് കുമാർ എ | 49283 | |
| കുമാരദാസ് എൽ | 54936 | |
| ജയരാജൻ റ്റി | 16460 | |
| ആകെ | ***683839*** | |

| കൺവീനറുടെ പേര് | നൽകിയ തുക | ബിൽ നം , തീയതി |
|---|---|---|
| സൈമൺ എൽ | 25041 | ACR Bill No 34/24.09.22 |
| ബീന യു | 11514 | |
| ദിലീപ് കുമാർ വി എസ് | 29160 | |
| യേശുദാസൻ | 9764 | |
| പ്രശാന്ത് എഫ് എസ് | 28018 | |
| രതീഷ് കെ | 34930 | |
| ജോസ് വി | 22640 | |
| ആകെ | **161067** | |

| കൺവീനറുടെ | നൽകിയ | ബിൽ നം , |
|---|---|---|

| പേര് | തുക | തീയതി |
|---|---|---|
| ബ്രാജി സൈമൺ | 33411 | ACR Bill No 35/24.09.2022 |

## 1-33 MNREGS- ഫീൽഡ് തല പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കിയില്ല.

MNREGS മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവൃത്തി നടക്കുമ്പോൾ, പ്രവൃത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം.ഡി.ഡി2/336/2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ടോ, എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. " സൈറ്റ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടെന്നും ഇവ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്" രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 38 തീയതി 18.10.2023 ) മറുപടി ലഭ്യമാക്കിയത്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിശോധനകൾ നടത്തേണ്ടതും നിശ്ചിത മാതൃകയിലുള്ള പരിശോധനാ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതും ആയവ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-34 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച നിക്ഷേപ തുക തുടർനടപടികൾ സ്വീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് വിവിധ പൈപ്പ് ലൈനുകളുടെ എക്സ്റ്റൻഷനായും, മറ്റു പദ്ധതികൾക്കായും കേരള വാട്ടർ അതോറിറ്റിക്കു മുൻകൂർതുക നിക്ഷേപിച്ചു നൽകുന്നുണ്ട്. ഇപ്രകാരം നിക്ഷേപിച്ചു നൽകിയതിൽ 31.03.2022 തീയതിയിൽ ക്രമീകരിക്കാനവശേഷിച്ച തുക 19,24,582/- രൂപയാണ്. പ്രസ്തുത തുകയിൽ 86,324/- രൂപ വാട്ടർ ആതോറിറ്റി തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട് (എസ്.ബി.ഐ. തനതു അക്കൗണ്ടിൽ 26.05.2022 തീയതിയിൽ വരവായി). പ്രസ്തുത തുക ഏതൊക്കെ പദ്ധതിക്കായി നിക്ഷേപിച്ചതിലെ നീക്കിയിരിപ്പാണെന്നത് വ്യക്തമല്ല. പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരമോ, വിനിയോഗിച്ച തുകയുടെ വിവരമോ വാട്ടർ അതോറിറ്റി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ചെലവ് മുൻകൂർ ഹെഡിൽ നിന്നും ക്രമീകരിച്ച് ആസ്തിയാക്കേണ്ടവ ആസ്തിയാക്കുവാനും സാധിച്ചിട്ടില്ല.

നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല. തുക ലഭ്യമായെങ്കിലും ഇതു ഏതൊക്കെ പ്രവൃത്തികളുടെ നീക്കിയിരിപ്പാണെന്നോ, എത്ര തുക വിനിയോഗിച്ചുവെന്നോ വാട്ടർ അതോറിറ്റിയിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/12.10.2023) ഐ.എൽ.ജി.എം.എസ്. ഫയൽ ലഭ്യമാക്കിയെങ്കിലും മറ്റു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, വിനിയോഗിച്ച തുകയുടെ ചെലവുകൾ ആസ്തിയിലേക്കു മാറ്റേണ്ടതുമാണ്. തിരികെ ലഭ്യമായ തുക ഏതൊക്കെ പ്രവൃത്തികളിൽ നിന്നുള്ളതാണെന്നു പരിശോധിച്ചുറപ്പു വരുത്തി, പ്രസ്തുത പദ്ധതി തുകയുടെ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതും, വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പൂർത്തീകരിച്ച്, ആവശ്യമായ രേഖപ്പെടുത്തലുകളോടു കൂടി ഓഡിറ്റ് പരിശോധനയ്ക്കു ലഭ്യമാക്കേണ്ടതാണ്.

## 1-35 ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നു

ബി9 ലയബിലിറ്റീസ് ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ബാധ്യത തുകകൾ വർഷങ്ങളായി ഒടുക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|
| 350200115 ഡ്യൂസ് ടു അദർ ലോക്കൽ ഗവ. ഇൻസ്റ്റിറ്റ്യൂഷൻസ് | 12000 |

| | |
|---|---|
| 350200202 വാല്യൂ ആഡഡ് ടാക്സ് | 934 |
| 350300111 ഫ്ലഡ് സെസ് | 1890 |
| 350300199 അദേഴ്സ് | 25546 |

മേൽ ഹെഡുകളിൽ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിലനിറുത്തിയിട്ടുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/13.10.2023) ഹെഡുകളിൽ മാറി എടുത്തതിനാൽ അവശേഷിക്കുന്ന തുകകളാണ് എന്നും, വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണ് എന്നും മറുപടി നൽകി.

മറുപടി അംഗീകരിക്കുന്നില്ല. മേൽ തുകകൾ മുൻവർഷങ്ങളിലും കുടിശ്ശികയായി നിലനിറുത്തി കാണുന്നു. നികുതി, നികുതി ഇതര ഇനങ്ങളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുക കാലങ്ങളായി തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-36 മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന മുൻകൂറുകൾ എന്ത് ആവശ്യത്തിനു അനുവദിച്ചതാണെന്നും, തുക ക്രമീകരിക്കാത്തതിനുള്ള കാരണവും വ്യക്തമല്ല.

| ഹെഡ് | 31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|
| 460100104 ട്രാൻസ്ഫർ പേ അഡ്വാൻസ് | 5268518 |
| 460100105 ടൂർ ട്രാവലിംഗ് അലവൻസ് അഡ്വാൻസ് | 2000 |
| 460100199 അദർ അഡ്വാൻസസ് | 109519 |
| 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 837983 |
| 460509901 അഡ്വാൻസ് ടു അദേഴ്സ് | 331126 |

മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/13.10.2023) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ 3 മാസകാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ അവ ക്രമീകരിക്കാതെ അവശേഷിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിശോധനക്കു ലഭ്യമാക്കിയ ഡിപ്പോസിറ്റ്സ് രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്ററിൽ നിക്ഷേപ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിക്ഷേപിച്ച വ്യക്തി/സ്ഥാപനത്തിന്റെ പേര്, നിക്ഷേപത്തിന്റെ ആവശ്യം, നിക്ഷേപം തിരികെ അനുവദിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. ഡിപ്പോസിറ്റ്സ് രജിസ്റ്റർ സെക്രട്ടറിയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ, തയ്യാറാക്കിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് ഇനത്തിൽ 4,73,334/- രൂപ തൻ വർഷം ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട് (ആർ.പി. 10 പ്രകാരം). എന്നാൽ പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ നിന്നും പരിശോധിക്കാനായില്ല. തനതു ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയതു സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങളും ലഭ്യമായില്ല.

മുൻകൂറുകളുടെ രജിസ്റ്റർ, വായ്പ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനങ്ങളിലെ വിശദാംശങ്ങളും പരിശോധിക്കാനായില്ല. മുൻകൂറുകൾ എന്തൊക്കെ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട് എന്നോ,

ആർക്കൊക്കെ/ഏതൊക്കെ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവെന്നോ വ്യക്തമല്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതും, അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-38 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി. തുടങ്ങിയ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ 58,46,173/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുക ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലായി ഏതൊക്കെ പ്രവൃത്തികൾക്കായി അനുവദിച്ചതാണെന്നു വ്യക്തമല്ല.

| ഹെഡ് | 31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|
| 460500201 ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ല്യു.എ. | 3309358 |
| 460500202 ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി. | 1986815 |
| 460500205 ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ല്യുഡി | 550000 |
| ആകെ | 58,46,173 |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/13.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾക്കായി പദ്ധതി തുക നിക്ഷേപിച്ചു നൽകിയശേഷം തുകയുടെ വിനിയോഗം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ടതും, പ്രവൃത്തികൾ പൂർത്തീകരിച്ച് നടപ്പാക്കപ്പെട്ടു എന്നു ഉറപ്പാക്കേണ്ടതും നിർവഹണാധികാരികളുടെയും, ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാതെയും തുക ക്രമീകരിക്കാതെയും അവശേഷിക്കുന്നത് പദ്ധതി തുകയുടെ വിനിയോഗത്തിലുള്ള ഗുരുതര അലംഭാവമാണ്. നിക്ഷേപ തുകയുടെ വിനിയോഗരേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-39 പി.എച്ച്.സി. യിലെ താത്കാലികനിയമനങ്ങൾ - തനതു ഫണ്ടിൽ നിന്നും വേതനചെലവ് 61,560/- രൂപ തടസ്സം ചെയ്യുന്നു.

സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016, സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017, സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018, സ.ഉ(അച്ചടി)നം.81/2019/ധന തീയതി 09.07.2019 ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ അംഗീകാരമില്ലാതെ, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് അവധിയിൽ പ്രവേശിക്കുന്ന ദിവസങ്ങളിൽ, ദിവസവേതനാടിസ്ഥാനത്തിൽ (പ്രതിദിനം 850/- രൂപ നിരക്കിൽ) താത്കാലിക ഫാർമസിസ്റ്റിനെ നിയമിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വേതനം അനുവദിച്ചു പോരുന്നു. ചെലവു വിശദാംശങ്ങൾ ചുവടെ.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 274053 | 12-05-2022 | 4,250.00 |
| 274076 | 13-06-2022 | 6,800.00 |
| 274115 | 16-07-2022 | 8,500.00 |
| 274126 | 25-07-2022 | 5,100.00 |

| | | |
|---|---|---|
| 744011 | 10-10-2022 | 1,210.00 |
| 744032 | 04-11-2022 | 8,500.00 |
| 568152 | 12-01-2023 | 8,500.00 |
| 568182 | 07-02-2023 | 18,700.00 |
| ആകെ | | 61560 |

മേൽ ജീവനക്കാരന്റെ നിയമന രേഖകൾ, ടിയാൾ ഗ്രാമപഞ്ചായത്തുമായി ചമച്ചിട്ടുള്ള കരാർ, ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ തുടങ്ങിയ രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/18.10.2023) മറുപടി ലഭ്യമാക്കിയില്ല. സ.ഉ. (കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 8.6 പ്രകാരവും സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ, ഓണറേറിയമോ നൽകുവാൻ പാടില്ലായെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം ആരോഗ്യവകുപ്പിന്റെ ചുമതലയാണെന്നും, തദ്ദേശ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ചുമതലകളാണുള്ളത് എന്നും സ.ഉ. (സാധാ)നം. 1523/2023/തസ്വഭവ തീയതി 26.07.2023 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ജീവനക്കാരെ നിയോഗിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചു പോരുന്നത് ക്രമരഹിതമാണ്. മേൽ പ്രകാരം ചെലവു ചെയ്ത തുക 61,560/- രൂപ തടസ്സം ചെയ്യുന്നു.

## 1-40 പബ്ലിക് കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജസ് ഒടുക്കിയത് 5,077/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ വാട്ടർ ബിൽ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെക്ക് നം.568225/16-03-2023 പ്രകാരം 5,077.00/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പബ്ലിക് കംഫർട്ട് സ്റ്റേഷന്റ ബിൽ ആയതു ലേലത്തിലെടുത്തിട്ടുള്ള കരാറുകാരൻ ഒടുക്കണമെന്നിരിക്കെ ഗ്രാമപഞ്ചായത്തു തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. ചെലവു ഫയൽ, രേഖകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40/18.10.2023) മറുപടി/ രേഖകൾ ലഭ്യമാക്കിയില്ല. മറുപടി, രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള ചെലവു തടസ്സം ചെയ്യുന്നു.

## 1-41 ആവശ്യമില്ലാത്ത പൊതുടാപ്പുകൾ റദ്ദു ചെയ്തിട്ടില്ല – 69,456/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 144 പൊതു ടാപ്പുകൾ ഉള്ളതിൽ 3 എണ്ണം മാത്രമാണ് ആവശ്യമുള്ളത് എന്നും, ബാക്കിയുള്ള 141 എണ്ണം റദ്ദു ചെയ്യണമെന്നും, 3 ടാപ്പുകളൊഴികെയുള്ള ടാപ്പുകളുടെ കുടിവെള്ളക്കരം ഗ്രാമപഞ്ചായത്ത് ഒടുക്കുന്നതല്ലായെന്നും, 08.12.2022 ലെ ഭരണസമിതിയോഗം തീരുമാനിച്ചിട്ടുണ്ട് [(നം.10(1))] . പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കത്തു നൽകി പൊതുടാപ്പുകൾ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതു വ്യക്തമല്ല. ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കു ലഭ്യമായില്ല. മേൽ തീരുമാനത്തെ തുടർന്നും 144 ടാപ്പുകളുടെയും വാട്ടർ ചാർജ്ജ് (പ്രതിമാസം 69,456/- രൂപ) ഒടുക്കികൊണ്ടിരിക്കുന്നു. 2022-23 വർഷത്തെ ചെലവ് വിശദാംശങ്ങൾ ചുവടെ.

| ചെക്ക് നം./തീയതി | ചെലവു തുക |
|---|---|
| 568215/06.03.2023 | 69456 |

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/18.10.2023) മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി തീരുമാനത്തെ തുടർന്ന് പൊതു വാട്ടർ കണക്ഷനുകൾ റദ്ദു ചെയ്യുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാത്തതിനാലും, ഭരണസമിതി തീരുമാനത്തിനു വിരുദ്ധമായി ചെലവു ചെയ്തതിനാലും മേൽ പ്രകാരം ചെലവു ചെയ്ത തുക 69,456/- രൂപ തടസ്സം ചെയ്യുന്നു.

## 1-42 ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ അവലോകനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ

ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം

2)ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-43 ഹരിതഭവനം പദ്ധതി - പരമാവധി സബ്സിഡിയിൽ അധികരിച്ച് നല്കിയ 7250/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ S0150/23 - ഹരിതഭവനം

നിർവ്വഹണം :കൃഷി ഓഫീസർ

വീടുകൾ ഹരിതാഭമാക്കൽ, ലഭ്യമാകുന്ന ബയോകമ്പോസ്റ്റ് കൃഷിക്ക് ഉപയോഗിക്കാം, മഴവെള്ളം സംഭരിക്കാം എന്നീ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്ത പ്രോജക്ട്.

| ഫണ്ട് | അടങ്കൽ | ചെലവ്(സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 70000 | 70000 (ബിൽ.നം. 13/23 തീ. 24.03.23) |
| ജില്ല പഞ്ചായത്ത് വിഹിതം | 70000 | 0 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നതി) | 79700 | 0 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 9700 | 9700 |
| ആകെ | 229400 | 79700 |

A) കോഴിയും കൂടും നല്കുന്നതിനുള്ള Unit Cost 3650/-രൂപ നിശ്ചയിച്ച് 1825/- രൂപ സബ്സിഡി നല്കിയിരിക്കുന്നു. സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 6.3.25 (B) പ്രകാരം അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂട് ഉൾപ്പെടെ) പരമാവധി സബ്സിഡി 1100/- രൂപയാണ്. സബ്സിഡി ഇനത്തിൽ 10 ഗുണഭോക്താക്കൾക്ക് അധികമായി 7250/-((1825-1100)*10) രൂപ നല്കിരിക്കുന്നു.

B) സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 6.1.25, അനുബന്ധം 1 എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ, അനുബന്ധം 2 പ്രകാരമുള്ള എൻറോൾമെന്റ് ഫോറം , ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (42/18.10.23) മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയ 7250/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 ഭവന പുനരുദ്ധാരണം - പൂർത്തിയാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ഭവന പുനരുദ്ധാരണം പദ്ധതി പ്രകാരം 2021-22 വർഷം അഡ്വാൻസ് ഇനത്തിൽ 75,000/- രൂപ കൈപ്പറ്റിയിട്ടും (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം) ശ്രീമതി മായ. വി.ജി, പ്ലാവിള, കഴിവൂർ എന്ന വ്യക്തി നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. ടി വ്യക്തി ഭവന പുനരുദ്ധാരണം പൂർത്തീകരിക്കേണ്ടതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (22/12.10.23)

പല തവണ പണി പൂർത്തിയാക്കാൻ നിർദ്ദേശം നല്കിയെങ്കിലും പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നിയമപരമായ തുടർനടപടികൾ കൈകൊള്ളുന്നതിനായി ഭരണസമിതിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-45 ലൈഫ് ഭവന നിർമ്മാണം പൂർത്തീയാക്കുന്നില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയിട്ടും നാളിതുവരെ വീട് പണി പൂർത്തിയാക്കാത്ത (കരാർപത്രത്തിൽ പൂർത്തീകരണ കാലാവധി 6 മാസമായാണ് നിഷ്കർഷിച്ചിരിക്കുന്നത്) ഗുണഭോക്താക്കളുടെ വിവരം (ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (വെസ്റ്റ്)

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അഡ്വാൻസ് നല്കിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1. | 101 | വിലാസിനി | 05.12.18 | 31.08.2019 | 3,00,000 |
| 2 | 120 | സുചിത്ര | 05.11.20 | 05.01.2021 | 3,95,000 |
| 3 | 124 | സുനിത | 22.04.21 | 23.07.2021 | 2,00,000 |
| 4 | 128 | സരിത പി.എ | 05.01.22 | 03.02.2022 | 3,00,000 |
| 5 | 130 | ബാബു | 27.01.22 | 19.02.2022 | 3,95,000 |
| 6 | 131 | സുധീഷ് | 01.02.22 | 19.02.22 | 3,50,000 |

വീട് നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20/12.10.23) ഗുണഭോക്താക്കൾക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഉടനെ പൂർത്തിയാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഭവന നിർമ്മാണം പൂർത്തീയാക്കി അറിയിക്കേണ്ടതാണ്. 2019-20 ൽ പണി ആരംഭിച്ചിട്ടും നാളിതുവരെ പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേരിൽ തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-46 പാഥേയം പദ്ധതി- അധികതുക നല്കിയിരിക്കുന്നു.

1) പ്രോജക്ട് നമ്പർ : 82/23 - പാഥേയം പദ്ധതി (ജനറൽ)

നിർവ്വഹണം : വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (വെസ്റ്റ് സർക്കിൾ)

അടങ്കൽ : 128480 വികസനഫണ്ട് (പൊതുവിഭാഗം), 192720/- ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് : 128480 വികസനഫണ്ട് (പൊതുവിഭാഗം), 192720/- ജില്ലാ പഞ്ചായത്ത് വിഹിതം

2) പ്രോജക്ട് നമ്പർ : 86/23

നിർവ്വഹണം : വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (ഈസ്റ്റ് സർക്കിൾ)

അടങ്കൽ : 372304 വികസനഫണ്ട് (എസ്.സി.പി), 150400- ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് : 372304 വികസനഫണ്ട് (എസ്.സി.പി), 150400- ജില്ലാ പഞ്ചായത്ത് വിഹിതം

2022-23 വർഷത്തെ പാഥേയം പദ്ധതിയിലെ ഗുണഭോക്താക്കളായി ജനറൽ വിഭാഗത്തിൽ 20 പേരെയും, എസ്.സി വിഭാഗത്തിൽ 39 പേരെയും 29.08.2022 ലെ സാധാരണ കമ്മിറ്റി 1(17) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് നൽകേണ്ട നിശ്ചിത നിരക്ക് പ്രകാരം (ഒരാൾക്ക് 16/- രൂപ) കണക്കാക്കുമ്പോൾ അധികതുക നല്കിയതായി കാണുന്നു.

| പാഥേയം | ഗുണഭോക്താക്കളുടെ എണ്ണം | നല്കാവുന്ന തുക | നല്കിയ തുക | അധികമായി നല്കിയ തുക |
|---|---|---|---|---|
| ജനറൽ | 20 | 116800 | 128480 | 11680 |
| എസ്.സി | 39 | 227760 | 372304 | 144544 |

അധിക തുക പദ്ധതി പ്രകാരം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (41/18.10.23) ലഭ്യമാക്കിയ മറുപടി പ്രകാരം 2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ട് കുറവായതിനാലും പട്ടികജാതി വിഭാഗത്തിന് അനുവദിച്ചിരുന്ന ജില്ലാപഞ്ചായത്ത് വിഹിതം ബാക്കിയുണ്ടായിരുന്നതുകൊണ്ടും ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിരുന്നില്ലായെന്നും പട്ടികജാതി വിഭാഗത്തിന് 2020-21 വർഷം അനുവദിക്കേണ്ട തുകയും ഉൾപ്പെടുത്തിയാണ് 372304/- രൂപ നല്കിയതെന്നും അറിയിച്ചിരിക്കുന്നത്. കൂടാതെ 2022-23 സാമ്പത്തിക വർഷം വിനിയോഗം കഴിഞ്ഞ് അവശേഷിച്ച തുകയായ ജനറൽ വിഭാഗം - 200312/-രൂപയും പട്ടികജാതി വിഭാഗം 161626/- രൂപയും തിരികെ അടച്ചതായും അറിയിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് മാത്രം പദ്ധതിയ്ക്കായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 ഹരിതകർമ്മ സേന- പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

ഹരിതകേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുവാനാണ് ഹരിതകർമ്മ സേന രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മ സേനയുടെ രജിസ്റ്ററുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വീട്/സ്ഥാപന കെട്ടിട നമ്പർ, ഏത് മാസത്തെ യൂസർ ഫീസ് ആണ് കളക്ട് ചെയ്യുന്നത് എന്നീ വിവരങ്ങൾ കൃത്യമായി രസീതിൽ രേഖപ്പെടുത്തിയിട്ടില്ല.

2) രസീതുകളിലൊന്നിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3) രസീത് ബുക്കുകൾക്ക് ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) ഹരിതകർമ്മ സേന കൺസോർഷ്യം സെക്രട്ടറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

5) ഹരിത കർമ്മ സേന കൺസോർഷ്യം കൃത്യമായ ഇടവേളകളിൽ യോഗം കൂടുന്നുണ്ടെങ്കിലും ഹരിത കർമ്മ സേനയുടെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയോ സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തതായി കണ്ടെത്താൻ കഴിഞ്ഞില്ല.

6) കളക്ഷൻ രജിസ്റ്ററും ക്യാഷ് ബുക്കും പരിപാലിക്കാത്തതിനാൽ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്ന തുകയുടെയും അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന തുകയുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

7) പഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ മാസത്തിൽ ശരാശരി 15 ദിവസമാണ് യൂണിറ്റ് പ്രവർത്തിക്കുന്നതായി കാണുന്നത്.

8) പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ അളവ്, CKC യ്ക്ക് നല്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ അളവ്, ഈയിനത്തിൽ CKC യിൽ നിന്നും ലഭിച്ച തുക, ഇനി കിട്ടാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/12.10.23, 43/18.10.23) കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയുടെയും അംഗങ്ങൾക്ക് വിതരണം ചെയ്ത തുകയുടെയും കണക്കുകളും ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക്കിന്റെ അളവ് സംബന്ധിച്ച് വിവരങ്ങളും എഴുതി നല്കിയിട്ടുണ്ട്. ഓരോ രസീത് ബുക്ക് വഴിയും ശേഖരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കുന്ന തുകയുടെയും അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന തുകയുടെയും കൃത്യത നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-48 LED ലൈറ്റ് വാങ്ങൽ - ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കി

Project No. : 29/23 (സ്പിൽ ഓവർ) എൽ.ഇ.ഡി ലൈറ്റ് സെറ്റ് സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 3,15,698/- (CFC ഗ്രാന്റ്)

ചെലവ് : 3,13,847/-

ബിൽ നം./തീയതി : 322/29.03.23

ടി പ്രോജക്ട് പ്രകാരം United Electrical Industries-ൽ നിന്നും ടെണ്ടർ കൂടാതെ 98 എണ്ണം 24 Watt LED Street Light Set

(Automatic) ഒന്നിന് 3202.52 രൂപ നിരക്കിൽ 3,13,847/-രൂപ ചെലവിട്ട് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ അംഗീകാരം കിട്ടിയ ടി പ്രോജക്ട് പ്രകാരം (Project No.198/22) 24 Watt LED തെരുവ് വിളക്ക് വാങ്ങുന്നതിനായി 2021-22 വർഷത്തിൽ ടെണ്ടർ ക്ഷണിക്കുകയും താഴെപ്പറയും പ്രകാരം 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു.

| സ്ഥാപനം | നിരക്ക് |
|---|---|
| 1) Boss Light | 2100 (2year Warranty)<br>26350 (3 Year Warranty) |
| 2)Ammini Energy System | 1390/- (Manual)<br>1430/- (Automatic) |
| 3) Alta Electronics | 1900/- (Automatic) |
| 4) Shine Kumar S.R. | 1700/- |
| 5) Abhi Electricals | 1455/- (2 Year Warranty)<br>1660/- (2year Warranty - Crompton) |
| 6) Electrical World | 1380/- (Automatic 2year Warranty) |

ഇതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത Electrical World, പോത്തൻകോട് എന്ന സ്ഥാപനത്തിന്റെ LED ലൈറ്റ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ 11.02.2022-ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചതായി കാണുന്നു.

(തീരുമാനം നമ്പർ 1(5) എന്നാൽ ഇതു സംബന്ധിച്ച് തുടർനടപടികൾ ഒന്നും ഉണ്ടായതായി കാണുന്നില്ല. തുടർന്ന് 2022-23 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ ടി പദ്ധതിയ്ക്കായി, 31.08.2018 ലെ സ.ഉ.(സാധാ)2330/2018 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, LED വിളക്കുകൾ ടെണ്ടർ കൂടാതെ United Electricals എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാം എന്ന വ്യവസ്ഥ പ്രകാരം LED വിളക്കുകൾ വിളക്കൊന്നിന് 3202.52 രൂപ നിരക്കിൽ വാങ്ങി.

എന്നാൽ ഇക്കാര്യത്തിനായി ടെണ്ടർ ക്ഷണിക്കുകയും മത്സരാധിഷ്ഠിത ടെണ്ടറിൽ ഏറ്റവും കുറവ് നിരക്ക് (1380/-രൂപ) ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ വിളക്ക് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിക്കുകയും ചെയ്ത ശേഷം, വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാതെ ടെണ്ടർ ഉപേക്ഷിക്കുകയും, United Electricals എന്ന സർക്കാർ സ്ഥാപനത്തിൽ നിന്ന് വിളക്കൊന്നിന് 3202.50/- രൂപ എന്ന അധിക നിരക്കിൽ വാങ്ങാനുണ്ടായ കാരണം, 19.10.2023ലെ 45-ാം നമ്പർ ഓഡിറ്റ് അന്വേഷണ പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം ടെണ്ടർ ചെയ്തെങ്കിലും യഥാസമയം ലൈറ്റുകൾ സപ്ലൈ ചെയ്യാത്തതിനാൽ പദ്ധതി സ്പിൽ ഓവർ ആക്കി സർക്കാർ സ്ഥാപനമായ United Electricals-ൽ നിന്ന് വാങ്ങി എന്നാണ് സെക്രട്ടറി നല്കിയ മറുപടി. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2021-22 വർഷത്തിൽ ടി സ്ഥാപനത്തിന്റെ വിളക്കുകൾ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയതായോ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായോ, സപ്ലൈ ഓർഡർ നൽകിയതായോ കാണുന്നില്ല. 31.08.2018 ലെ സ.ഉ. പ്രകാരം, United Electricals എന്ന സ്ഥാപനത്തിൽ നിന്നും LED തെരുവ് വിളക്കുകൾ Tender നടപടി കൂടാതെ വാങ്ങാവുന്നതാണ്. എന്നാൽ ഒരു മത്സരാധിഷ്ഠിത ടെണ്ടറിൽ അതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വിളക്കുകൾ ലഭ്യമാകുന്ന പക്ഷം, പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം കണക്കിലെടുക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. തുടർ നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-49 കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കുകയോ,, വിനിയോഗ സർട്ടിഫിക്കറ്റ് നല്കുകയോ ചെയ്തിട്ടില്ല.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി താഴെപ്പറയും പ്രകാരം CFC (Tied) ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് നല്കിയിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| പ്രോജക്ട് നം. | പ്രോജക്ട് | ഡെപ്പോസിറ്റ് തുക | ബിൽ നം./തീയതി |
|---|---|---|---|
| 1) 200/22-23 | കാണവിള കോളനി - ഞാറനിന്ന | 296300 | 203/9.3.2023 |

| | | | |
|---|---|---|---|
| | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | |
| 2) 204/22-23 | പുല്ലവിള ആശുപത്രി - ചാനൽക്കര മാവിളകോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 697200 | 204/09.03.2023 |
| 3) 205/22-23 | കിണറ്റടി ചാനൽക്കര പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 477600 | 214/13.03.2023 |

എന്നാൽ ടി പ്രോജക്ടുകൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ, Utilisation Certificate എന്നിവ KWA ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (Mo 45/19.10.23) UC ലഭിക്കാത്തതിനാൽ പദ്ധതികൾ Spill Over ആയി തുടരുകയാണെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടി പ്രോജക്ടുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആയതിന്റെ ഫൈനൽ ബിൽ, Utilisation Certificate, ടി പ്രോജക്ടുകൾ ജലജീവൻ പദ്ധതിയിൽ ഉൾപ്പെട്ടവയല്ല എന്ന സാക്ഷ്യപത്രം, എന്നിവ KWAയിൽ നിന്നും വാങ്ങേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-50 ഹരിതകർമ്മസേനയ്ക്കായി മുച്ചക്രവാഹനം വാങ്ങൽ - GST TDS ഈടാക്കിയിട്ടില്ല

Project No.228/23 (ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ)

അടങ്കൽ : 8,00,000/- (267500/- Cfc ഫണ്ട്, 532500/- കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് : 4,98,255/- (267500/- Cfc ഫണ്ട്, 230755/- കേന്ദ്രാവിഷ്കൃത ഫണ്ട്)

ടി പ്രോജക്ട് പ്രകാരം ഹരിത കർമ്മസേനയ്ക്ക് വേണ്ടി Gem മുഖാന്തരം Piaggio Ape E-Extra എന്ന ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനും GST TDS@2% ബില്ലിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് അന്വേഷണം നം.45/19.10.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി GST TDS ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചു. SGST Act2017/CGST Act 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ കരാറുകാരിലെ കരാറുകാരുടെ ബില്ലിൽ സ്രോതസ്സിൽ നിന്നും 2% തുക GST TDS ആയി ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | | 800000 | 43/23 ലൈഫ് ഭൂമി വാങ്ങലും ഭവന നിർമ്മാണവും എസ്.സി. | 700000 | |
| | | | 110000 | 42/23 ലക്ഷം വീട് പുനരുദ്ധാരണം (ന്യൂ ലൈഫ്) | **110000** | |
| | | | 200000 | 89/23 ലൈഫ് ഭവനനിർമ്മാണം ഫിഷറീസ് അഡീഷണൽ | 160000 | |
| | | | 434625 | 69/23 സ്നേഹസ്പർശം - ഭിന്നശേഷി സ്കോളർഷിപ്പ് | 434625 | |
| | | | 400000 | 100/23 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 143040 | |
| ആകെ | | | | | 1547665 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | | 1160000 | 84/23 ലൈഫ് ഭവനനിർമ്മാണം എസ്.സി. | 40000 | |
| | | | 400000 | 89/23 ലൈഫ് ഭവനനിർമ്മാണം ഫിഷറീസ് അഡീഷണൽ | 100000 | |
| | | | 900000 | 87/23 ലൈഫ് ഭവനനിർമ്മാണം എസ്.സി അഡീഷണൽ | 10000 | |
| | | | 8000000 | 83/23 ലൈഫ് ഭവന പദ്ധതി -ഭവനനിർമ്മാണവും ഭൂമി വാങ്ങലും ജനറൽ | 800000 | |
| | | | 434625 | 69/23 സ്നേഹസ്പർശം - ഭിന്നശേഷി സ്കോളർഷിപ്പ് | 434625 | |
| | | | 400000 | 100/23 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 100000 | |
| ആകെ | | | | | 1484625 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് * |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2334963 | 1547665 | 3882628 | 1547665 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 346659 | 1484625 | 1831284 | 1484625 | 0 |

* അലോട്ട്മെന്റ് രീതിയിലൂടെ തൻ വർഷം ലഭിച്ച ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ പൂർണ്ണമായും ചെലവു ചെയ്തിട്ടുള്ളതായി സുലേഖ ചെലവു പത്രിക പ്രകാരം വ്യക്തമാണ്. എന്നാൽ ബ്ലോക്ക് ജില്ലാ വിഹിതമിനത്തിൽ വാർഷിക കണക്കുകളിൽ മുന്നിരിപ്പായിരുന്ന തുക എപ്രകാരം വിനിയോഗിച്ചുവെന്നോ, എപ്രകാരം ക്രമീകരിച്ചുവെന്നോ വ്യക്തമല്ല. ആയത് വിശദമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | 200/23 കാണവിള കോളനി-ഞാറനിന്ന പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സി.എഫ്.സി. | 296300 | 0 | 296300 |
| കെ.ഡബ്ല്യു.എ | 205/23 കിണറ്റടി ചാനൽക്കര പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | സി.എഫ്.സി. | 477600 | 0 | 477600 |
| കെ.ഡബ്ല്യു.എ | 204/23 പുല്ലുവിള ആശുപത്രി ചാനൽക്കര മാവിള കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സി.എഫ്.സി. | 697200 | 0 | 697200 |
| ആകെ | | | | | 1471100 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2022-23 B 18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1986815 | 0 | 1986815 | ലഭ്യമായില്ല | 1986815 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ. | 1924582 | 1471100 | 3395682 | 86324 (റീഫണ്ട്) | 3309358 |
| പി.ഡബ്ല്യു.ഡി | 550000 | 0 | 550000 | ലഭ്യമായില്ല | 550000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

(വാർഷിക കണക്കുകൾ പ്രകാരം)

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സ്വലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കേണ്ട തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 21738747 | 1300000 | 2697500 | 20341247 | 19541247 * |

* നീക്കിയിരിപ്പ് തുക പൊരുത്തപ്പെടാത്തതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 8,00,000/- രൂപ 'ഹഡ്കോ' ഹെഡിൽ നിന്നും 'കെ.യു.ആർ.ഡി.എഫ്.സി.' ഹെഡിലേക്ക് മാറ്റിയതായി മറുപടി നൽകി. എന്നാൽ വാർഷിക കണക്കുകളിൽ 'കെ.യു.ആർ.ഡി.എഫ്.സി.' ഹെഡിൽ നീക്കിയിരിപ്പ് ഇല്ല. മറുപടി അംഗീകരിക്കുന്നില്ല. ടി വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും | രസീത് നം., തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-7 (3) | 3177 | സുരേന്ദ്രൻ .ജി | 1220102083 തീയതി 16.03.2023 |
| 2 | 2021-22 | 1-7 (3) | 3787 | രഘു .എസ് | 1220105121 തീയതി 18.03.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം** (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 7500474 |
| ഓഡിറ്റ് വർഷത്തെ വരവ് | 40314067 |
| ആകെ | 47814541 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33180827 |
| നീക്കിയിരിപ്പ് | 14633714 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1111115 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 36000 | ഡോ. ആശ രാജൻ എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-29 | 53455 | ഡോ. ആശ രാജൻ എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-32 | 878317 | ശ്രീ. സിംഗ് റസ്സൽ, അസി. എഞ്ചിനീയർ |
| 1-39 | 61560 | ശ്രീ. രമേഷ് ജി, സെക്രട്ടറി |
| 1-40 | 5077 | ശ്രീ. രമേഷ് ജി, സെക്രട്ടറി |
| 1-41 | 69456 | ശ്രീ. രമേഷ് ജി, സെക്രട്ടറി |
| 1-43 | 7250 | ശ്രീമതി. പ്രീത, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആശരാജൻ.എസ്, മെഡിക്കൽ ഓഫീസർ | പി.എച്ച്.സി. കൈവൻവിള, കാഞ്ഞിരംകുളം | പടവ ഗാർഡൻ, ഉച്ചക്കട, കട്ടച്ചൽക്കുഴി .പി.ഒ |

| | | |
|---|---|---|
| ശ്രീ. സിംഗ് റസ്സൽ,<br>അസി. എഞ്ചിനീയർ | ഇ.ഡബ്ള്യൂ ആന്റ്<br>എൽ.ഐ.ഡി. സെക്ഷൻ,<br>കാഞ്ഞിരംകുളം | സിംഗ് നിവാസ്,<br>നെല്ലിക്കാക്കുഴി,<br>കാഞ്ഞിരംകുളം .പി.ഒ |
| ശ്രീ. രമേഷ് .ജി, സെക്രട്ടറി | | ലക്ഷ്മി കോട്ടേജ്,<br>സ്റ്റുഡിയോ റോഡ്, നേമം<br>പി ഒ |
| ശ്രീമതി. പ്രീത,<br>കൃഷി ഓഫീസർ | കൃഷി ഭവൻ,<br>കാഞ്ഞിരംകുളം | വാറുതട്ട് കടയാറവീട്,<br>കണ്ണറവിള, നെല്ലിമൂട് |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1964/2022, തീയതി.20.10.2022 | 3 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2591/2018, തീയതി.16.02.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/2020 തീയതി.02.06.2020 | 44 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1521 (എ)/2021 തീയതി.01.02.2022 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1521/2021 തീയതി.08.02.2022 | 30 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/370/2022 തീയതി 24.03.2023 | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kanjiramkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjiramkulam Grama Panchayat for the year 2022-2023

**Date: 16/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kanjiramkulam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit balance for the institution as per the Income & Expenditure statement.
Expenditure (Rs.140,327,842/-) exeeds income (Rs.133,899,492/-) as per Income & Expenditure Statement.

**2.Other Observations**

1.Mandatory financial statements prescribed in accounting rules are not submitted for audit.

Annual Ratios and Notes on Accounts as per rule 62-2 (f) of
Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements.

2. Cash Flow statement -Net increase/decrease in cash flow (7133240) does not match with difference
between opening balance and closing balance of cash and cash equivalents. (-6488064)
3. Misclassifications of voucher a sum of Rs. 11,66,431/- withdrawn by govt from the LGTSB account in the previous year

was refunded
by the govt.on 06.04.2022. The same was receipted in some other head which is not identified. In the AFS it is shown as the amount yet to be received.

4. Cheque issued and uncashed for more than three months (bank -SBI own demand) were not transferred to stale cheque account.

5.Rs.12,825/- was received by the gram panchayat during the year as beneficiary contribution, which was utilised fully for Pro.No. 150/23 and 149/23, but no expenditure has been recorded under the said head in the annual accounts the amount is shown as liability in the balance sheet.

6. Demand Collection Balance statement inrespect of property tax,
license fee, profession tax etc. does not match with the concerned registers and AFS.

7.Deposits Register, Advances Register, Loan Register, Stock Register, Asset Register etc. are not maintained. Therefore, the amounts in each category could not be reconciled with the annual financial statements

8.Lapses in making timely and accurate demand entries property tax demand entries have been made only on 31.03.2023, while demand entries are required to be made at the beginning of the financial year and every month thereafter.

9. sufficient amount of capital contribution is not provided with respect to asset value. The total asset value of Rs.1197456/- does not include all assets acquired during the financial year. (details included in para 1-1-9)

10. Receipt registers are not certified by closing each month and reconciling with the ledger balance. Only annual closing is done.

11. Provision for Rs. 84600/- has been booked head 270100107 license fee under food adulteration head. Details of the same has not been furnished.

12. Depreciation provided for asset is more than the book value.
Eg. Accumulated depreciation- Vehicles - (6048736/-)Asset - Vehicles - 1809110/-

13. CFC fund Closing balance figures doesnot match with AFS (Rs.23,33,094/-), Bank book (Rs.23,20,700/-), Cash book (Rs.23,36,916/-)

14. Expenses due, but not met during the year not booked under liability head in the balance sheet as per B9 schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്